
# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

MAY-JUNE 2025 No. 3/25



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- മർക്കൊാസിന്റെ അമ്മ മറിയ.....1
- ജീവനില്ലാത്ത മനോഹര പട്ടണം.....3
- മനുഷ്യന്റെ ഘടന വൈഭവം - എന്നാൽ.....5
- സമത്വത്തിന്റെ പ്രമാണം.....8
- ദൈവത്തെ പ്രസാദിപ്പിക്കുക.....10
- ലഹരിക്കെതിരെയുള്ള യുദ്ധത്തിൽ.....13
- ഇന്നിന്റെ നൊമ്പരങ്ങളോ നാം?.....15
- ഒഴികഴിവുകളുടെ ലോകം.....19
- നിങ്ങൾ ദൈവത്തിന്റെ ഗൃഹനിർമ്മാണം.....22
- സൗദി ജയിലിൽ മൂന്നു മലയാളികൾ.....25
- കുടുംബത്തകർച്ചയുടെ വേരുകൾ.....30
- യേശുവിന്റെ അമ്മ മറിയ.....34
- ക്വെസ്റ്റ്.....Cover iv

# മർക്കോസിന്റെ അമ്മ മറിയ

**(അപ്പൊ.പ്രവൃ. 12:12)**

ബൈബിളിൽ പഴയനിയമത്തിലും പുതിയനിയമത്തിലും പല സ്ത്രീരത്നങ്ങളും വെള്ളിനക്ഷത്രങ്ങളായി മിന്നി പ്രകാശിക്കുന്നു. വീട്ടിലും, സമൂഹത്തിലും, രാഷ്ട്രത്തിലും, സഭയിലും അവർ നല്കിയ നേതൃത്വം വിസ്മയനീയമാണ്.

മർക്കൊാസിന്റെ അമ്മ മറിയയുടെ പേര് ഈ ഒരു വാക്യത്തിൽ മാത്രമേ കാണുന്നുള്ളൂ. എന്നാൽ അവളെക്കുറിച്ച് അനേകം നല്ലകാര്യങ്ങളും പഠിക്കുവാൻ കഴിയും. അവൾ ബർന്നബാസിന്റെ ഒരു ബന്ധു ആയിരുന്നു. സഹോദരിയോ, കൊച്ചമ്മയോ ആയിരുന്നിരിക്കാം. കുപ്രൊസ് സ്വദേശികളായ ഇവർ യഹൂദാ വംശജരായിരുന്നു. ബർന്നബാസ് തന്റെ സകലവും വിറ്റ് അപ്പൊസ്തലന്മാരുടെ കാൽക്കൽ വച്ചതുപോലെ (അപ്പൊ. പ്രവൃ.4:36,37) മറിയ യരുശലേമിലെ തന്റെ ഭവനം ക്രിസ്തുവിന് സമർപ്പിച്ചിരുന്നു. കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരുമൊത്ത് അവസാന അത്താഴം കഴിച്ച സ്ഥലവും, പെന്തെക്കോസ്തു ദിവസം ശിഷ്യന്മാർ ഒരുമിച്ച് കൂടിയ മാളികമുറിയും ഈ ഭവനം തന്നെയായിരുന്നു എന്ന് ഐതീഹ്യമുണ്ട്. ഏതായാലും ക്രിസ്തീയ സഭയുടെ പ്രാരംഭദശയിൽ ആരാധനയ്ക്കും ക്രിസ്തീയ ശുശ്രൂഷയ്ക്കുമായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഒരു ഭവനമായിരുന്നു അത്. ക്രിസ്ത്യാനികളുടെ ശക്തി കേന്ദ്രമായിരുന്നു മറിയയുടെ വീട്.

മർക്കൊാസ് എന്നു മറുപേരുള്ള യോഹന്നാൻ മറിയയുടെ ഏകപുത്രനായിരുന്നു. അവളുടെ ഭർത്താവ് നേരത്തെ തന്നെ മരിച്ചു. അയാളെക്കുറിച്ച് ഒന്നുംതന്നെ കാണുന്നില്ല.

മറിയ ആദിമസഭയിലെ ഒരംഗമായിരുന്നു. അവളെയും, അവൾക്കുള്ള സകലത്തെയും കർത്താവിന് സമർപ്പിച്ചിരുന്നു. അവളുടെ മകൻ മർക്കൊാസ് പത്രൊസിന്റെ ആത്മീയപുത്രൻ ആയിരുന്നു (1 പത്രൊസ് 5:13). പൗലൊസിന്റെ മിഷനറി യാത്രയിൽ കൂട്ടുവേലക്കാരനും ആയിരുന്നു. ക്രിസ്തീയസഭ മതപീഡയിൽകൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന ആ കാലത്ത് യാതൊരു ഭീതിയുമെന്യേ തന്റെ ഭവനം സഭാകാര്യങ്ങൾക്കായി വിട്ടുകൊടുത്ത മാതാവ്, സ്വപുത്രനെ കർത്തൃസേവയ്ക്ക് നല്കിയെങ്കിന്റെ ആശ്ചര്യത്തിന് വകയില്ല.

ഹേരോദാരാജാവ് യാക്കോബിനെ വാൾകൊണ്ടു കൊന്നു. അനന്തരം പത്രൊസിനെ ശക്തമായ കാവലിൽ തടവിലാക്കി. എന്നാൽ

കർത്താവിന്റെ ദൂതൻ അവനെ അത്ഭുതകരമായി വിടുവിക്കുന്നു. നേരെ പോയതു മറിയയുടെ വീട്ടിലേക്കാണ്. അവിടെ സഭ കൂടി പത്രൊസിന്റെ വിടുതലിനുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പത്രൊസ് വാതിലിൽ മുട്ടുന്നതു കേട്ട് രോദാ എന്ന ബാല്യക്കാരി വാതിൽ തുറക്കുന്നു. മറിയയ്ക്ക് വിശാലമായ ഭവനവും ഭൃത്യരും ഉണ്ടായിരുന്നതിനാൽ അവൾ സാമ്പത്തികശേഷിയുള്ളവൾ ആയിരുന്നു എന്ന് ഊഹിക്കാം. കർത്താവിനുവേണ്ടി എന്തും ചെയ്യാനും സഹിപ്പാനും അവൾ തയ്യാറായിരുന്നു. തടവുപുള്ളിയെ വീട്ടിൽ പ്രവേശിപ്പിച്ചാൽ ഒരു പക്ഷേ അവളുടെ പ്രാണനും ബലികഴിക്കേണ്ടതായി വന്നേക്കും. എന്നാൽ മറിയയ്ക്ക് ഇതൊന്നും ഒരു പ്രശ്നമായിരുന്നില്ല.

മർക്കൊസ് ഒരു സുവിശേഷകനും മർക്കൊസിന്റെ സുവിശേഷം എഴുതിയവനുമാണ്. എന്റെ കൂട്ടുവേലക്കാരനായ മർക്കൊസ് (ഫിലേ. 24) മർക്കൊസ് എനിക്കു ശുശ്രൂഷയ്ക്കായി ഉപയോഗമുള്ളവനാകയാൽ അവനെ കൂട്ടിക്കൊണ്ടുവരിക. (2 തിമൊ 4:11) എന്നിങ്ങനെ പൗലൊസും, എനിക്കു മകനായ മർക്കൊസ് നിങ്ങൾക്കു വന്ദനം ചൊല്ലുന്നു എന്ന് പത്രൊസും എഴുതിയിരിക്കുന്നു. (1 പത്രൊസ് 5:13).

ലിബിയ, ഈജിപ്റ്റ്, അലക്സാണ്ഡ്രിയ മുതലായ രാജ്യങ്ങളിൽ സുവിശേഷം ഘോഷിച്ചു. നീറോ ചക്രവർത്തിയുടെ എട്ടാം ആണ്ടിൽ മർക്കൊസ് രക്തസാക്ഷി മരണം വരിച്ചു. മറിയ അന്ന് ജീവിച്ചിരുന്നോ എന്ന് അറിഞ്ഞുകൂടാ. എങ്ങനെ ആയിരുന്നാലും അവൾക്ക് സ്വന്തമായി ഒന്നും, ആരും ഉണ്ടായിരുന്നില്ല. സകലവും കർത്താവിന്റെ പാദപീഠത്തിൽ ഒരിക്കലായി സമർപ്പിച്ച ആ മാതാവ് നമുക്ക് ഏറ്റവും യോഗ്യമായ മാതൃകയാണ്. അവളുടെ മാതൃക നമുക്ക് പ്രചോദനമായിരിക്കട്ടെ. മറിയയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നമുക്ക് നമ്മെ പരിശോധിക്കാം. ദൈവനാമം മഹത്ത്വീകരിക്കപ്പെടട്ടെ. സഹോദരിമാരേ, നമ്മെയും നമുക്കുള്ള കഴിവുകളെയും സമ്പൂർണ്ണമായി കർത്താവിന്റെ പാദത്തിങ്കൽ അർപ്പിക്കാം. അപ്പോൾ നാം ഗ്രഹിക്കുകയോ അനുഭവിക്കയോ ചെയ്തിട്ടില്ലാത്ത അനുഗ്രഹ നദികൾ നമ്മിൽനിന്നും ഒഴുകുമെന്നതിന് തർക്കമില്ല.

**മേരി അഞ്ചൻ, തുംകൂർ**

## ബൈബിൾ ക്വിസ് മത്സരം

ക്രൈസ്തവ വനിത നടത്തിയ ബൈബിൾ ക്വിസ് 1 മുതൽ 100 വരെയുള്ള മത്സരത്തിൽ **ശ്രീ. സി. എം. മാമ്മൻ ഒന്നാം സ്ഥാനവും, ശ്രീമതി. അന്നമ്മ ഏബ്രഹാം രണ്ടാം സ്ഥാനവും** കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ

-ക്വിസ് മാസ്റ്റർ

# ജീവനില്ലാത്ത മനോഹര പട്ടണം

ഈന്തപ്പട്ടണം എന്നു വിളിച്ചിരുന്ന യെരിഹോപട്ടണത്തിന്റെ കഥകളറിയാത്ത ക്രിസ്ത്യാനികൾ കാണുകയില്ല. ഈന്തപ്പനകളാലും, മറ്റനേകം ഫലവൃക്ഷങ്ങളാലും നിറയപ്പെട്ട മനോഹരമായ പട്ടണം. ലോകത്തിലെ ഏറ്റവും പുരാതനമായ ഈ പട്ടണത്തിൽ അതികായ ന്മാരായ മനുഷ്യർ വസിച്ചിരുന്നു. ഏറ്റവും ഉയരവും, നീളവും, വീതിയുമുള്ള മതിലുകളാൽ സുരക്ഷിതമാക്കിയിരുന്ന ഈ പട്ടണമായിരുന്നു യിസ്രായേൽമക്കൾ കനാനിൽ പ്രവേശിച്ചിട്ട് ആദ്യമായി പിടിച്ചടക്കി, അതിന്നകത്തുള്ള മനുഷ്യരേയും മൃഗങ്ങളേയും മറ്റും വാളിന്റെ വായ്ത്ത ലയാൽ അശേഷം സംഹരിച്ചുകളഞ്ഞത്. യഹോവയാൽ ശപിക്കപ്പെട്ട ഒരു പട്ടണമായിരുന്നു യെരിഹോപട്ടണം. രാജാക്കന്മാരുടെ കാലം വന്നപ്പോൾ യെരിഹോപട്ടണം വീണ്ടും പണിത് ജനവാസയോഗ്യമാ ക്കിത്തീർത്തു. എലീശാപ്രവാചകന്റെ കാലത്ത് ഈ പട്ടണം മനോഹര മായ പട്ടണമായി തീർന്നെങ്കിലും അതിലെ വെള്ളം ചീത്തയും, ദേശം ഗർഭനാശകവും ആയിരുന്നു. (2 രാജാ. 2:19-22) ജനം പ്രവാചകനെ സമീപിച്ചു തങ്ങളുടെ സങ്കടം ബോധിപ്പിച്ചപ്പോൾ അദ്ദേഹം ഒരു പുതിയ തളികയിൽ ഉപ്പുമായി നീരുറവയിലിട്ടപ്പോൾ വെള്ളം പഥ്യമായിത്തീർന്നു എന്നാണ് കഥ! കൈപ്പേറിയ മാറയിലെ വെള്ളത്തിൽ യഹോവയുടെ കല്പനപ്രകാരം ഒരു മരക്കഷണം ഇട്ടപ്പോൾ അതു മധുരമായിത്തീർന്ന ദൈവശക്തി തന്നെയാണ് ഇവിടേയും സംഭവിച്ചത്.

ജീവനുള്ള ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് കേട്ടി ട്ടുള്ളവരും രുചിച്ചറിഞ്ഞവരുമായ ദൈവജനത്തിന്റെ പിൻതലമുറക്കാ രായിരുന്നു യെരിഹോ നിവാസികൾ. എന്നാൽ അവർ തങ്ങളുടെ ദൈവത്തെ ഉപേക്ഷിച്ചു ജീവനില്ലാത്ത മിത്ഥ്യാമൂർത്തികളിലേക്കും, അന്യദൈവങ്ങളിലേക്കും തിരിഞ്ഞ് ദൈവത്തെ കോപിപ്പിച്ചു കഴിഞ്ഞി രുന്ന ജനത്തിന്നു ദൈവം നല്കിയ ശിക്ഷയായിരിക്കാം വെള്ളം ചീത്തയും ദേശം ഗർഭനാശമുള്ളതുമായിതീർന്നത്. പട്ടണം മനോഹ രവും ജനങ്ങൾ അവിടെ താമസിക്കാനിഷ്ടപ്പെട്ടിരുന്നതുമായിരുന്നു. പക്ഷെ വെള്ളം ചീത്തയായാൽ എങ്ങനെ ജീവിക്കും? ഗർഭനാശമുള്ള പട്ടണത്തിൽ ശിശുക്കൾ ജനിക്കുമോ? തലമുറകളുണ്ടാകുമോ? ജനങ്ങൾ പരിഭ്രാന്തരായി. അവർ ആശ്രയിച്ചു സേവിച്ച അന്യദൈവങ്ങൾക്കു നേർച്ചകാഴ്ചകളൊക്കെ അർപ്പിച്ചിട്ടും ഫലമൊന്നും ഉണ്ടായില്ല. അപ്പോ

ഴാണ് ആ പ്രദേശത്ത് ഒരു ദൈവപുരുഷൻ എത്തീട്ടുണ്ടെന്ന് അവർ അറിഞ്ഞത്. ഇതിന്നുമുമ്പും ഏലീയാപ്രവാചകനും, ശിഷ്യഗണവും എലീശാപ്രവാചകനും അവിടെ ഉണ്ടായിരുന്നെങ്കിലും അവരെയൊന്നും ജനങ്ങൾ വിശ്വസിക്കയോ ആശ്രയിക്കയോ ചെയ്തില്ല. നിവൃത്തിയില്ലാതെ, ഗത്യന്തരമില്ലാതെ വന്നപ്പോഴാണ് അവർ എലീശാപ്രവാചകന്റെ അടുത്തെത്തി അപേക്ഷിച്ച് കാര്യങ്ങൾ ഫലവത്താക്കിത്തീർത്തത്.

ഇന്നത്തെ ദൈവജനത്തിന് ഇതൊരു പാഠമായിരിക്കുന്നില്ലേ? നമ്മുടെയൊക്കെ ജീവിതം പൂർവ്വാധികം എത്രയോ മെച്ചപ്പെട്ടതായിരിക്കുന്നു? കാഴ്ചയ്ക്കു യാതൊരു കുറവുമില്ലാത്ത കുടുംബജീവിതം. നല്ല വീട്, വിലയേറിയകാറുകൾ, ഉന്നത വിദ്യാഭ്യാസം, ഉദ്യോഗസ്ഥരായ മാതാപിതാക്കളും മക്കളും! സഭാ കൂടിവരവ്, പ്രാർത്ഥന, ആരാധന എല്ലാം ഉണ്ട്, പക്ഷെ പണ്ടത്തേപ്പോലെയുള്ള ആത്മികാന്തരീക്ഷമോ, ആത്മികസന്തോഷമോ, സംതൃപ്തിയോ ഉള്ള എത്ര കുടുംബങ്ങൾ കാണും? യഥാർത്ഥമായി ക്രിസ്തുവിലായി, പുതിയസൃഷ്ടിയായിത്തീർന്ന അനുഭവമുണ്ടോ? ദൈവസ്നേഹം നമ്മിൽ നിന്നും നിറഞ്ഞു കവിഞ്ഞ് മറ്റുള്ളവരിലേക്കു പ്രവഹിക്കുന്നുണ്ടോ? ചുറ്റുപാടുമുള്ളവർക്ക് സാക്ഷ്യമായി രാവിലേയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥനയുള്ള എത്ര ഭവനങ്ങളുണ്ട്? അപ്പനും, അമ്മയും, മക്കളും ഒന്നിച്ചിരുന്നു സല്ലപിച്ച് തിരുവചനം വായിച്ചു പഠിക്കുന്ന എത്ര ഭവനങ്ങൾ കാണും? ഇതാ, ഞാനും എന്റെ കുടുംബവുമോ യഹോവയെ സേവിക്കുന്നു എന്നു പറയാവുന്ന എത്ര ഭവനങ്ങൾ കാണും? ആഡംബരങ്ങൾക്കും, ആർഭാടങ്ങൾക്കും യാതൊരു കുറവുമില്ലാത്ത ആഘോഷങ്ങളും, വിവാഹങ്ങളുമൊക്കെയുണ്ട്. പക്ഷെ ഉല്ലാസത്തിന്റേയും ജയത്തിന്റേയും ഘോഷമുള്ള എത്ര ഭവനങ്ങൾ കാണും? വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ജീവിക്കുന്ന ജ്യോതിസ്സുകളാണോ നാം? ലോകത്തിന്റെ വെളിച്ചമായി ചുറ്റുപാടുമുള്ളവർക്കു ക്രിസ്തുവിന്റെ വെളിച്ചം പകരുന്നവരാകുന്നുവോ നാം? ഒരു മടങ്ങിവരവിനു കാലമായിരിക്കയല്ലേ? ദൈവത്തിന്റെ നിയമമാകുന്ന ഉപ്പും പരിശുദ്ധാത്മാവാകുന്ന ജീവജലവും നമ്മെ പുതുജീവനുള്ളവരാക്കുന്നു എന്നോർക്കുക.

ക്രിസ്തുവിൽ വസിച്ച്, ക്രിസ്തുവിന്നു വേണ്ടി ധാരാളം ഫലം കായ്ക്കുവാൻ നമ്മെ സ്വയം കർത്തൃപാദങ്ങളിൽ സമർപ്പിക്കാം. ആത്മാവിന്റെ ഫലമാകുന്ന സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവ നമ്മിൽ ഫലം കായ്ച്ച്, വർദ്ധിക്കേണ്ടതിന്നായി കർത്തൃപാദങ്ങളിൽ വീണ് അനുതാ

*ശേഷം പേജ് 29 കാണുക*

# മനുഷ്യന്റെ ഘടന വൈഭവം-എന്നാൽ

ദൈവവചനത്തിൽ 1 തെസ്സ: 5:23, എബ്രാ. 4:12 എന്നീ ഭാഗങ്ങൾ വായിച്ചാൽ മനുഷ്യന് മൂന്ന് ഘടകങ്ങൾ ഉണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദേഹം, ദേഹി, ആത്മാവ് എന്നിവയാണ്.

1. ദേഹം: മണ്ണിൽ നിന്നെടുത്ത് മണ്ണുകൊണ്ട് ജീവിച്ച് മണ്ണിനെക്കുറിച്ച് ബോധം നല്കി തിരികെ മണ്ണിലേക്ക് ചേരുന്ന ശരീരം.
2. ദേഹി: അന്വേഷണം, കണ്ടുപിടിത്തം എന്നിവയുടെ നിയന്ത്രകരാക്കുന്ന മനസ്സ്, ബുദ്ധിശക്തി എന്നിവ.
3. ആത്മാവ്: ദൈവത്തിൽ നിന്നെടുത്ത് ദൈവത്താൽ പോഷിപ്പിക്കപ്പെട്ട്, ദൈവത്തെക്കുറിച്ച് ബോധം നല്കി തിരികെ ദൈവസന്നിധിയിലേക്ക് മടങ്ങിപ്പോകുന്ന ആത്മാവ്.

മനുഷ്യൻ പാപം ചെയ്തപ്പോൾ ശരീരം ബലഹീനമാകുകയും മനസ്സ് വികൃതമാകുകയും, ആത്മാവ് നിർജ്ജീവമാകുകയും ചെയ്തു. വീണ്ടും ജനനം എന്ന പുനഃസൃഷ്ടിപ്പിനാൽ ശരീരത്തിനെയും മനസ്സിനെയും നിയന്ത്രിക്കുന്ന ആത്മാവ് സജീവമായിത്തീർന്നു.

**ത്രീകാല രക്ഷ**

1. രക്ഷയുടെ ഭൂതകാലാനുഭവം: ആത്മാവിന്റെ രക്ഷ പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷിക്കപ്പെട്ടു.
2. വർത്തമാനകാലാനുഭവം: ദേഹിയുടെ രക്ഷ പാപത്തിന്റെ ശക്തിയിൽ നിന്നു രക്ഷിക്കപ്പെടുന്നു.
3. ഭാവികാലാനുഭവം: ശരീരത്തിന്റെ രക്ഷ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു രക്ഷിക്കപ്പെട്ടു.

രക്ഷയുടെ ഈ മൂന്നു അനുഭവങ്ങൾ നമ്മുടെ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങളിൽ വരുന്ന രൂപാന്തരമാകുന്നു. (എബ്രാ. 4:12, 1 തെസ്സ. 5:23) എന്നീ വേദഭാഗങ്ങളിൽ മനുഷ്യന്റെ മൂന്നു ഘടകങ്ങൾ കാണാം. ഇവയുടെ രക്ഷണ്യ പ്രവൃത്തി എങ്ങനെ നടക്കുന്നു എന്നു നോക്കാം.

**1. ആത്മാവിന്റെ രക്ഷ (ഭൂതകാലാനുഭവം)**

പാപത്തിന്റെ ശിക്ഷയിൽ നിന്ന് ആത്മാവ് രക്ഷിക്കപ്പെട്ട ഈ അനു

ഭവത്തെയാണ് ഇതറിയിക്കുന്നത്. തിന്നുന്ന നാളിൽ നീ മരിക്കുംഎന്നു പറഞ്ഞതനുസരിച്ച് ആദാമിന് ആദ്യം ആത്മീയമരണം സംഭവിച്ചു. താൻ അതിക്രമങ്ങളാലും പാപങ്ങളാലുംമരിച്ചു. ഒടുക്കത്തെ ആദാമായ യേശു ക്രിസ്തു നമ്മുടെ പാപങ്ങളെ ചുമന്ന് ശാപമരണം ഏറ്റുവാങ്ങിയപ്പോൾ അവന്റെ അടിപ്പിണരുകളാൽ നമുക്കു പാപസൗഖ്യം ലഭിച്ചു. വിശ്വസി ക്കുന്നർക്കു തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമ. 3:25)

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നല്കു വാൻ ദൈവപുത്രനെ ലോകത്തിലേക്ക് അയച്ചു (യോഹ.3:16-18) കെടാ ത്തതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ നാം വീണ്ടുംജനി ച്ചിരിക്കുന്നു. നമ്മുടെ ആത്മാവ് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപത്തിൽ നിന്നും മോചനം പ്രാപിച്ചു രക്ഷിക്കപ്പെട്ടു എന്ന ഭൂത കാലാനുഭവമാണ് ആത്മാവിന്റെ രക്ഷ.

**2. ദേഹിയുടെ രക്ഷ : വർത്തമാനകാലാനുഭവം**

ആത്മാവിന്റെ രക്ഷ നേടിയശേഷം പാപത്തിന്റെ ശക്തിയിൽനിന്നും ദിനംതോറും നമ്മുടെ ദേഹി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനെ ഇതു കാണിക്കുന്നു. ആത്മരക്ഷ നേടിയ മനുഷ്യൻ ലോകത്തിൽ വസിക്കു മ്പോൾ ലോകത്തെ സ്നേഹിക്കരുത്. (1 യോഹ. 2:15) ലോകത്തോടുള്ള സ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു. ലോകം, ജഡം, പിശാച് എന്നിവയാണല്ലോ മനുഷ്യന്റെ ദൈവകൃപ നഷ്ടമാക്കിയ ഉപാധികൾ. കഴിഞ്ഞകാലരക്ഷ പിശാചിന്റെ പിടിയിൽ നിന്നു നമ്മെ വിടുവിച്ചു. വർത്തമാനകാലരക്ഷ ലോകസ്നേഹത്തിൽ നിന്നു നമ്മെ വിടുവിക്കു ന്നു. മനുഷ്യൻ പാപം ചെയ്തപ്പോൾ ആത്മാവ് നിർജ്ജിവമാകുകയും, ദേഹി അനുസരണം കേട്ടതാകുകയും, ശരീരം ബലഹീനമാകുകയും ചെയ്തു. ദൈവവചനം നമ്മിൽ അനുദിനം ആഴമായ രൂപാന്തരം വരു ത്തിയാൽ മാത്രമേ ദേഹിയുടെ രക്ഷ പൂർണ്ണമാകുകയുള്ളൂ.

ആത്മസ്വഭാവവും, ജഡസ്വഭാവവും നമ്മിൽ നടക്കുന്ന ആത്മീയ പോരാട്ടത്തിൽ ആത്മാവിനാൽ ജഡത്തെ മരിപ്പിക്കണം. ഒരു ഭാഗത്ത് ലോകവും അതിന്റെ മോഹവും ആണുള്ളത്. എന്നാൽ ഇവ ഒഴിഞ്ഞു പോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. മറു ഭാഗത്ത് ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും. (റോമ.8:13)

**3. ശരീരത്തിന്റെ രക്ഷ - ഭാവികാലരക്ഷ**

കർത്താവിന്റെ വരവിങ്കൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും

ശരീരം രക്ഷിക്കപ്പെടും. ആദാമിനു ആത്മീയമരണം സംഭവിച്ചു കഴി ഞ്ഞപ്പോൾ മുതൽ താൻ ദേഹി പറയുന്നതനുസരിച്ച് ലോകവിഷയങ്ങ ളിൽ മാത്രം ശ്രദ്ധിച്ചു നടക്കുകയും ഒടുവിൽ ശരീരം മരണത്തിന് ഏല്പി ക്കപ്പെടുകയും ചെയ്തു. എന്നാൽ ഭാവികാലരക്ഷയാകുന്ന ശരീരത്തിന്റെ വീണ്ടെടുപ്പ് ദൈവവചനത്തിന്റെ വാഗ്ദത്തമാകുന്നു. യേശുക്രിസ്തു വിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസി ക്കുന്നുവെങ്കിൽ യേശുക്രിസ്തുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവ്കൊണ്ട് നിങ്ങളുടെ മർത്യശരീ രങ്ങളെയും ജീവിപ്പിക്കും (റോമർ. 8:11).

ഭൂതകാലരക്ഷയ്ക്ക് യേശുക്രിസ്തുവിന്റെ കാൽവരി മരണവും വർത്തമാനകാലരക്ഷയ്ക്ക് ദൈവവചനമെന്ന പാൽ അനുഭവിക്കൽ (കുടിക്കൽ) ഭാവികാലരക്ഷയ്ക്ക് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാകുന്നു.

ആത്മാവ് ജീവൻ പ്രാപിച്ചപ്പോഴോ ദേഹി ലോകസ്നേഹം വിട്ടക ന്നപ്പോഴോ ശരീരത്തിനു മാറ്റം വന്നില്ല. ഇപ്പോഴും പാപം ശരീരത്തിൽ ഉണ്ട്. (1 യോഹ. 1:8-10) കർത്താവിന്റെ വരവിങ്കൽ മാത്രമേ ശരീരത്തിനു മാറ്റം വരുന്നുള്ളൂ. (എബ്രാ. 9:28) ഇങ്ങനെയാണ് ശരീരത്തിന്റെ രക്ഷ ദ്രവത്വത്തിൽ ദാസ്യത്തിൽ നിന്ന് മോചനത്തിനായി ശരീരം കാത്തിരിക്കുന്നു. റോമ.8:19,20. ഇതിനെ പുനരാഗമനവേളയിൽ ഉത്പ്രാപണം എന്നു വിളി ക്കുന്നു. അന്ന് മരിച്ചവർ ഉയിർത്ത് പുതിയശരീരം പ്രാപിക്കയും (രക്ഷിക്കപ്പെട്ട സകല വിശുദ്ധന്മാരും) ശരീരത്തിലിരിക്കുന്ന നാം രൂപാ ന്തരശരീരം പ്രാപിച്ച് കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടു ക്കപ്പെടുകയും ചെയ്യും. (1 തെസ്സ. 4:16,17).

യിസ്രായേൽ ജനത്തിന്റെ മരുഭൂമിയിലെ ആലയമായ സമാഗമനകൂടാ രത്തിനു മൂന്നു ഭാഗങ്ങൾ ഉള്ളതുപോലെ നമ്മുടെ ശരീരത്തിന് മൂന്നു ഘടകങ്ങൾ ആണല്ലോ. പുറമേ പ്രാകാരമാകുന്നു ശരീരം. അകമെ പര സ്പര വ്യത്യാസം ഉള്ളതെങ്കിലും അഭേദ്യമായി നിലകൊള്ളുന്ന വിശു ദ്ധസ്ഥലവും, അതിവിശുദ്ധസ്ഥലവും, ഇത് ദേഹിക്കും ആത്മാവിനും നിഴലാകുന്നു. അതിവിശുദ്ധസ്ഥലത്ത് തേജസ്സ് വസിക്കുന്നതുപോലെ ആത്മാവിൽ ദൈവം വസിക്കുന്നു. തനിക്കായി കാത്തുനില്ക്കുന്നവ രുടെ രക്ഷയ്ക്കായി അവൻ (ക്രിസ്തുയേശു) പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടും.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# സമത്വത്തിന്റെ പ്രമാണം

യഹോവയായ ദൈവം യിസ്രായേൽ ജനത്തിന് മന്ന വിതരണം ചെയ്തപ്പോൾ ഓരോരുത്തനും ഭക്ഷിക്കാകുന്നേടത്തോളം പെറുക്കുവാനായിരുന്നു അനുവാദം നല്കിയിരുന്നത്. ചിലർ ഏറെയും ചിലർ കുറെയും പെറുക്കി ഇടങ്ങഴികൊണ്ട് അളന്നപ്പോൾ ഏറെ പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവന് കുറവും കണ്ടില്ല: ഓരോരുത്തൻ താന്താനു ഭക്ഷിക്കാകുന്നേടത്തോളം പെറുക്കിയിരുന്നു (പുറ 16:17,18) ഭക്ഷണവിതരണത്തിലെ സമത്വത്തിന്റെ പാഠമായിരുന്നു അത്.

എന്നാൽ സാമ്പത്തിക സമത്വത്തെക്കുറിച്ചുള്ള പാഠം അപ്പൊസ്തലനായ പൗലൊസ് വിശദീകരിച്ചിരിക്കുന്നത് പ്രാപ്തിപോലെ കൊടുക്കുന്നതുമായി ബന്ധപ്പെടുത്തിയാണ്. ഒരുത്തനു മനസ്സൊരുക്കം ഉണ്ടെങ്കിൽ പ്രാപ്തിയില്ലാത്തതുപോലെയല്ല, പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവനു ദൈവപ്രസാദം ലഭിക്കും. മറ്റുള്ളവർക്കു സുഭിക്ഷവും നിങ്ങൾക്കു ദുർഭിക്ഷവും വരണം എന്നല്ല സമത്വം വേണം എന്നത്രേ (2 കൊരി 8:12,13) എന്നിങ്ങനെയാണ് വായിക്കുന്നത്.

ചുറ്റപാടുമുള്ളവരിൽ നിന്നും ഒരുപടി എങ്കിലും ഉയർന്നിരിക്കുവാനാണ് മനുഷ്യസഹജമായ വാഞ്ഛ. സാമ്പത്തിക സമത്വം, വർണ്ണ സമത്വം, ജാതി സമത്വം, ലിംഗ സമത്വം എന്നിങ്ങനെ സമത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് അധികമായി ചർച്ച ചെയ്യപ്പെടുമ്പോഴും സമത്വത്തിനും മീതെയുള്ള ഔന്നത്യം എല്ലാ മേഖലകളിലും മനുഷ്യർ ആഗ്രഹിക്കുന്നുണ്ട്. ഞാൻ അത്യുന്നതനോടു സമനാകും എന്നു നിഗളിച്ചതാണ് സാത്താന്റെ പാപമായി നാം കാണുന്നത്. എന്നാൽ ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് താഴ്മയുടെ ഭാവത്തിൽ സമത്വം പാലിക്കുവാനുള്ള ആഹ്വാനമാണ് നമുക്കുള്ളത്. ലോകത്തോടും ചുറ്റുപാടുമുള്ളവരോടുള്ള സമത്വം മുറുകെ പിടിക്കുവാനല്ല, ക്രിസ്തുയേശുവിലുള്ള താഴ്മയുടെ ഭാവം ധരിക്കുവാനാണ് നമുക്കുള്ള കല്പന.

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു. മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യ

നായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളനായിത്തീർന്നു (ഫിലി. 2:5–8) എന്നിങ്ങനെ നാം മുറുകെ പിടിക്കേണ്ട സമത്വത്തിന്റെ മാതൃക യേശു ക്രിസ്തു കാണിച്ചു തന്ന ദൃഷ്ടാന്തത്തിലൂടെ വിശദീകരിച്ചിരിക്കുന്നു. അവൻ ദൈവരൂപത്തിന്റെ മഹത്ത്വവും ഔന്നത്യവും ഉപേക്ഷിച്ച് ദാസരൂപമെടുത്തു. സമ്പന്നനായിരുന്നവൻ ദരിദ്രനായിത്തീർന്നു. തേജസ്സു ധരിച്ചിരുന്നവൻ വേഷത്തിൽ മനുഷ്യനായി നിത്യജീവന്റെ ഉറവയായവൻ മരണം വരിച്ചു. ദൈവത്തോടുള്ള സമത്വം ഉപേക്ഷിച്ചവൻ മനുഷ്യരുടെ ഇടയിൽ പോലും ഉന്നതഭാവം കാണിച്ചില്ല. രൂപത്തിലും ഭാവത്തിലും, സ്ഥാനത്തിലും ഔന്നത്യത്തിലും സാമ്പത്തിക സ്ഥിതിയിലുമെല്ലാം ദൈവത്തോടുള്ള സമത്വം ഉപേക്ഷിച്ച് താഴ്മയുടെ ഭാവം ധരിച്ചവനാണ് നമുക്കുള്ള മാതൃക. താഴ്മ ധരിക്കുവാനാണ് നമുക്കുള്ള കല്പന.

ലോകത്തിന്റെ പ്രമാണങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ദൈവരാജ്യത്തിന്റെ പ്രമാണം. സാമ്പത്തിക സ്ഥിതിക്കനുസരിച്ച് മുഖപക്ഷം കാണിക്കുന്നതിനെക്കുറിച്ച്. "...നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരായില്ലയോ?" (യാക്കോ. 2:4) എന്നു വായിക്കുന്നുണ്ട്. ലോകത്തിന്റെ പ്രമാണങ്ങൾക്ക് അനുസരിച്ചല്ല, സ്വർഗ്ഗീയപ്രമാണങ്ങൾക്കനുസരിച്ചാണ് നാം ജീവിക്കേണ്ടത്. അതാണ് വചനത്തിന്റെ പ്രമാണം. അത് തന്നെയാണ് നമ്മുടെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന പ്രമാണം. അന്യോന്യം കീഴ്പ്പെട്ടിരിക്കുന്നതിലാണ് നാം സമത്വം ശീലിക്കേണ്ടത്. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ (എഫെ.5:21) എന്നും തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ (ഗലാ. 6:2) എന്നും അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ. കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ (കൊലൊ. 3:13) എന്നുമൊക്കെ സമത്വത്തിന്റെ സ്വർഗ്ഗീയപ്രമാണങ്ങൾ നാം കാണുന്നു.

ലോകത്തിന്റെ പ്രമാണങ്ങളെയല്ല നാം ഉയർത്തിപ്പിടിക്കേണ്ടത്. ലോകത്തിന്റെ മാതൃകയല്ല നാം പിന്തുടരേണ്ടത്. സമത്വത്തിന്റെ ദൃഷ്ടാന്തത്തിനായി ചുറ്റുപാടിലേക്കല്ല നാം നോക്കേണ്ടത്. സമത്വത്തിന്റെ സ്വർഗ്ഗീയഭാവമാണ് നാം അന്വേഷിക്കേണ്ടത്. താഴ്മയുടെ ഭാവമാണ് നാം പിന്തുടരേണ്ടത്. കർത്താവു കാണിച്ചു തന്ന മാതൃകപ്രകാരമാണ് നാം നടക്കേണ്ടത്. സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന പ്രമാണങ്ങളല്ല, വചനത്തിന്റെ പ്രമാണങ്ങളെ നമുക്കു പിന്തുടരാം. ദൈവം കൃപ ചെയ്യട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# ദൈവത്തെ പ്രസാദിപ്പിക്കുക

**ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള ഉപാധികൾ**

**1. വീണ്ടും ജനിക്കണം : Be Born Again**

ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള പരമപ്രധാനമായ ഉപാധിയാണ് വീണ്ടും ജനിക്ക അഥവാ രക്ഷിക്കപ്പെടുക. അർത്ഥാൽ രക്ഷിക്കപ്പെട്ട് യേശുക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു, ദൈവപൈതലായി നിത്യജീവന്റെ അവകാശിയായി ദൈവഭവനത്തിൽ ജനിച്ച ഒരു വ്യക്തിക്കു മാത്രമേ ജീവനുള്ള ദൈവത്തെ പ്രസാദിപ്പി പ്പാൻ സാദ്ധ്യമാകൂ. അനേക സൽപ്രവൃത്തികൾ, പുണ്യകർമ്മങ്ങൾ ചെയ്തും സ്വന്ത ദേഹത്തെ ദണ്ഡിപ്പിച്ചും, വിഗ്രഹങ്ങളെ സേവിച്ചും പുണ്യസ്ഥലങ്ങൾ സന്ദർശിച്ചും, നേർച്ചകാഴ്ചകൾ അർപ്പിച്ചും ഏതു വിധേനയും ദൈവത്തെ പ്രസാദിപ്പിച്ചു മോക്ഷം പ്രാപിക്കുവാൻ തത്ര പ്പെടുകയാണ്. അവർ വളരെ ആത്മാർത്ഥമായിട്ടാണ് ഇതൊക്കെയും ചെയ്യുന്നത്. ദൈവം ചോദിക്കുന്നത് നമ്മുടെ ഹൃദയമാണ്; വ്യക്തിപര മായി ദൈവവുമായുള്ള ബന്ധമാണ്. പിതാവായ ദൈവം, സ്വർഗ്ഗീയപി താവ് സകല മനുഷ്യർക്കും പാപമോചനം നല്കുവാൻ സ്വപുത്രനെ കാൽവരി കൊലമരത്തിൽ പരമയാഗമായി അർപ്പിച്ചു. ഏതൊരു വ്യക്തിയും താനൊരു, പാപിയാണെന്ന് ഏറ്റുപറഞ്ഞു പാപക്ഷമയ് ക്കായി ദൈവപുത്രനിൽ വിശ്വസിച്ചാൽ പാപക്ഷമ സുനിശ്ചിതമാണ്. പാപിയാണെന്നുള്ള പാപബോധവും മാനസാന്തരവും നിത്യരക്ഷ ദൈവം ഒരുക്കി. നാം ഒന്നും ചിലവിടേണ്ടാ വിശ്വാസത്താൽ സ്വന്തമാ ക്കണം. യേശുകർത്താവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ച് രക്ഷിക്കപ്പെടണം. ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയി ത്തീർന്നു; ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണി പോലെ; – യെശ. 64:6. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഉതകുന്നില്ല. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും. മത്താ. 7:22,23. അങ്ങ

നെയുള്ള പ്രവൃത്തികൾ ഒക്കെയും വെള്ളത്തിൽവരച്ച വരയാണ്. നിഷ്പ്രയോജനം. ദൈവപ്രസാദം ലഭിക്കയില്ല. വീണ്ടും ജനിച്ച് ദൈവ പൈതലാകുക. ശേഷമുള്ള ജീവിതംകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കുക. (1 കൊരി. 10:1-12)

### 2. വേർപാട് പാലിക്കണം (Be Ye Separated)

ദൈവമക്കളായി ദൈവത്തെ പ്രസാദിപ്പിക്കണം. അതോടൊപ്പം ഒരു ദൈവപൈതൽ വേർപാടു പാലിച്ചു ജീവിക്കണം. നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബെലീയാലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. അതുകൊണ്ടു അവരുടെ നടുവിൽനിന്നു പുറപ്പെട്ട് വേർപ്പെട്ടിരിക്കുവിൻ. (2 കൊരി. 6:14-17) ഈ വേർപാടിന്റെ അനുഭവം ഉണ്ടെങ്കിൽ മാത്രമേ നമുക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴികയുള്ളൂ. രക്ഷിക്കപ്പെട്ട ഓരോ ദൈവപൈതലിന്റെ ശരീരവും ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. അവിടെ ദൈവം പ്രസാദിക്കാത്ത ഒന്നിനും സ്ഥാനമില്ല. ലോകത്തിൽനിന്നും, പാപത്തിൽനിന്നും, പാപസ്വഭാവത്തിൽനിന്നും, ജാതികളിൽ നിന്നും, ദുഷ്ടനിൽ നിന്നും നാം വേർപെട്ടിരിക്കണം. (സങ്കീ. 1:1,2) ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ദ്രവ്യാഗ്രഹം ഇവയൊന്നും പാടില്ല. ദൈവേഷ്ടം ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കണം.

### 3. സമ്പൂർണ്ണ സമർപ്പണം. (Total Surrender)

നാം രക്ഷിക്കപ്പെട്ടപ്പോൾ പിതാവും, പുത്രനും പരിശുദ്ധാത്മാവും നമ്മിൽ അധിവാസം ചെയ്യുന്നു. നമ്മുടെ സമ്പൂർണ്ണകർത്തൃത്വം ത്രീയേകദൈവം ഏറ്റെടുത്തു. ഹൃദയം പൂർണ്ണമായി അവന്റെ അധീനതയിലാണ്. നാം എല്ലാം കർത്താവിനു വിട്ടുകൊടുത്താണ് കർത്താവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചത്. അതാണ് സമ്പൂർണ്ണസമർപ്പണം - complete surrender എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു (റോമ. 14:8) - അപ്പോൾ കർത്താവിനാണ് നമ്മുടെ സമ്പൂർണ്ണ കർത്തൃത്വം.

### 4. വിശുദ്ധരായിരിക്കണം (Be Ye Holy)

കർത്താവു വിശുദ്ധനായിരിക്കുന്നതുപോലെ നാമും ജീവിതവിശുദ്ധി കാത്തു സൂക്ഷിക്കണം. അപ്പോൾ മാത്രമേ ദൈവപ്രസാദം

ലഭിക്കൂ. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. (റോമ.12:1,2). നാം മനസ്സുപുതുക്കി രൂപാന്തരപ്പെട്ടും വിശുദ്ധരായി ജീവിക്കണം. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കുവിൻ. (1 പത്രൊസ് 1:16)

**5. നല്ല സാക്ഷികൾ ആയിരിക്കണം (True Witness)**

പൗലൊസ് ദൈവത്തെ അറിഞ്ഞശേഷം എത്ര നല്ല സാക്ഷിയായിട്ടാണ് ജീവിച്ചത്. അതുകൊണ്ട് എന്നെ അനുഗമിക്കുവിൻ എന്ന് പ്രാഗത്ഭ്യത്തോടെ പറയുവാൻ സാധിച്ചു. നമുക്കും ക്രിസ്തുവിൻ പത്രങ്ങളായി നല്ല സാക്ഷ്യം പുലർത്തി നമ്മുടെ ക്രിസ്തീയ ജീവിതം ദൈവപ്രസാദമുള്ളതാക്കാം. ഞങ്ങളെ സുവിശേഷം ഭരമേല്പിക്കേണ്ടതിനു ഞങ്ങൾ ദൈവത്തിനു കൊള്ളാവുന്നവരായി (സാക്ഷ്യമുള്ളവരായി) തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കുന്നത് (1 തെസ്സ. 2:4).

**6. ദൈവത്തോടു അനുസരണം (Obediance to God)**

നമ്മുടെ ആധാരം തിരുവചനമാണല്ലോ. അതു വള്ളിപുള്ളി മാറ്റമില്ലാതെ അനുസരിക്കണം. അസാദ്ധ്യമെന്നു നമുക്കു തോന്നുന്ന കാര്യങ്ങൾപോലും അനുസരിച്ച് അനുഗ്രഹം പ്രാപിച്ച ദൈവമക്കളെ ദൈവവചനത്തിൽ കാണുന്നു. അബ്രഹാം ദൈവത്തെ അനുസരിച്ചു അതു അവനു നീതിയായി കണക്കിട്ടു. ശമൂവേൽ പറഞ്ഞത് യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും, ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ?. ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും, ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് (1 ശമൂ. 15:22). ദൈവപൈതൽ ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതാണ് ദൈവത്തിനു പ്രസാദകരം.

നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുതന്ന യേശുക്രിസ്തുവിനെയും അവനെ ദാനമായിത്തന്ന പിതാവിനെയും പരിശുദ്ധാത്മാവാം ദൈവത്തെയും അനുസരിച്ചും സ്നേഹിച്ചും ദൈവത്തിനു പ്രസാദമുള്ള ക്രിസ്തീയജീവിതം നയിപ്പാൻ വലിയവനായ ദൈവം നമ്മെ സഹായിക്കട്ടെ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ലഹരിക്കെതിരെയുള്ള യുദ്ധത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്

ലഹരി ഉപയോഗം തടയാൻ മാതാപിതാക്കൾക്ക് ഒരു പങ്ക് ഉണ്ട്. ആദ്യമായി ലഹരി ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളോട് തുറന്നു സംസാരിക്കണം. അതിന്റെ നിയമവശങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കണം. കുട്ടികളുടെ പ്രവർത്തനങ്ങളെ നിരന്തരം നിരീക്ഷിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തണം.

കുട്ടികൾ ലഹരി ഉപയോഗിക്കുന്നുണ്ടോ എന്നറിയാൻ അവരുടെ സംസാരം, ഇടപെടൽ, ഒറ്റപ്പെടാനുള്ള പ്രവണത, മറ്റുള്ളവരുമായുള്ള കൂട്ടുകെട്ട് എന്നിവ നിരീക്ഷിക്കുക. ലഹരി ഉപയോഗിച്ച് നശിച്ചുപോയവരുടെ അനുഭവങ്ങളും, ദോഷങ്ങളും, കൂടാതെ അതിന്റെ പരിണതഫലത്തെക്കുറിച്ചും കുട്ടികളുമായി പങ്കുവയ്ക്കണം.

സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ മാതാപിതാക്കൾക്ക് കുട്ടിയുമായി നേരിട്ട് ആശയവിനിമയം നടത്താവുന്നതാണ്. എന്നാൽ അതിനെ അതിവൈകാരികമായി കൈകാര്യം ചെയ്യാതെ ആയിരിക്കണം. കുട്ടിയെ ക്രൂരമായി ശിക്ഷിക്കുക, വീട്ടിൽ നിന്ന് പുറത്താക്കുക, കുട്ടിയുമായി മിണ്ടാതിരിക്കുക എന്നിങ്ങനെയുള്ള പെരുമാറ്റങ്ങൾ വിപരീത ഫലമുണ്ടാക്കും. അവരുമായി സൗഹൃദം നിലനിർത്തിക്കൊണ്ട് വിഷയം കൈകാര്യം ചെയ്യണം. കുട്ടിയെ ശിക്ഷിച്ച് കുറ്റം സമ്മതിപ്പിക്കുന്ന രീതിയും അവലംബിക്കരുത്.

മാതാപിതാക്കൾ ദിവസവും ഒരു നിശ്ചിതസമയം കുട്ടികളുമായി ചെലവിടുന്നതിനും സൗഹൃദം പുലർത്തുന്നതിനും തയ്യാറാകണം. മുതിർന്ന കുട്ടികളുമായും സ്കൂളിനു പുറത്തുള്ള മുതിർന്നവരുമായുള്ള കുട്ടിയുടെ ബന്ധം നിയന്ത്രിക്കുകയും വേണം. കുട്ടിയുടെ അവസ്ഥയിൽ പുരോഗതിയുണ്ടാകാതെ വരുന്ന സാഹചര്യത്തിൽ മാതാപിതാക്കൾ മാനസികാരോഗ്യവിദഗ്ധരുടെ സഹായം തേടണം.

ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികളിലും രക്ഷിതാക്കൾ ശ്രദ്ധ ചെലുത്തണം. സ്വന്തമായി വരുമാനം കണ്ടെത്തുന്ന കുട്ടികളുടെ വരുമാനമാർഗ്ഗത്തെക്കുറിച്ച് മാതാപിതാക്കൾക്ക് അറിവുണ്ടായിരിക്കണം.

മാതാപിതാക്കൾ നല്ല മാതൃകയുള്ളവരായിരിക്കണം. മദ്യപാനികളുടെ കുട്ടികൾ മദ്യപിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. വീട്ടിൽ നിന്നു കിട്ടുന്ന സിഗരറ്റ്കുറ്റിയിൽ നിന്നാണ് കുട്ടി പുക വലിക്കാൻ പരിശീലിക്കുന്നത്. ശരിയും നോക്കാതെ അതേപടി അനുകരിക്കുന്നവരാണ് കുട്ടി

കൾ അവരെ വിട്ട് പുകയില, മുറുക്കാൻ, സിഗരറ്റ് തുടങ്ങിയവ വാങ്ങി ക്കുന്നതും നല്ലതല്ല.

ദൈവവചനപ്രകാരം രക്ഷകർത്താക്കൾക്കു കൂട്ടികളെ നല്ല പാത യിൽ നടത്താനുള്ള കടമയുണ്ട്. സദൃശവാകൃങ്ങൾ 22:19,20 വാക്യ ങ്ങളിൽ മകനേ കേട്ടു ജ്ഞാനം പഠിക്ക, നിന്റെ ഹൃദയത്തെ നേർവഴി യിൽ നടത്തിക്കൊൾക നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജനപ്രിയരുടെ ഇടയിലും ഇരിക്കരുത്. ഇത് മാതാപിതാക്കൾ കുട്ടികൾക്ക് കൊടുക്കേണ്ടുന്ന മുന്നറിയിപ്പാണ്. സദൃശവാകൃങ്ങൾ 22:6 പറയുന്നു ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. കുട്ടികളെ നയിക്കേ ണ്ടത് രക്ഷകർത്താക്കളുടെ ചുമതലയാണ്. എഫെസ്യർ 6:4-ൽ പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ. ലഹരി ക്കെതിരായി കുട്ടികളെ സംരക്ഷിക്കുകയും കടമകൾ നിർവ്വഹിക്കുന്ന തിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ആരോഗ്യകരവും വചനാധിഷ്ഠിതവുമായ ഒരു ജീവിതം കെട്ടിപ്പടുക്കുവാൻ കുട്ടികൾക്ക് കഴിയും. അറിവും സ്നേഹവും ഉള്ള രക്ഷിതാക്കൾ ആയി നമ്മുടെ കൂട്ടികളെ ജ്ഞാനത്തിന്റെയു മിതത്വത്തിന്റെയും പാഠം പകർന്നു നല്കി അവരെ ദൈവ മുമ്പിൽ സമർപ്പിക്കുക. എന്നാൽ ഭൂമിയിലെ യാതൊരു ലഹരിയും അവരെ അടിമയാക്കുകയില്ല.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

## Quest 100 - ന്റെ ശരി ഉത്തരങ്ങൾ

1. എഫ്രയീമ്യർ (സങ്കീ. 78:9)
2. ഗുണം (സങ്കീ. 34:14)
3. നീതിയും ന്യായവും (സങ്കീ. 97:2)
4. യഹോവയുടെ വചനങ്ങൾ (സങ്കീ. 12:6)
5. സീയോന്റെ പടിവാതിലുകളെ (സങ്കീ. 87:2)
6. തേരും കുതിരയും (സങ്കീ. 76:6)
7. യഹോവയുടെ ശത്രുക്കൾ (സങ്കീ. 37:20)
8. മരണനിദ്ര (സങ്കീ. 13:3)
9. വിശുദ്ധി (സങ്കീ. 93:5)
10. സീയോനിൽ (സങ്കീ. 53:6)
11. തലമേൽ (സങ്കീ. 66:12)
12. ജാതികൾ (സങ്കീ. 9:15)
13. സുക്കോത്ത് (സങ്കീ. 60:6)
14. കമ്പിനാദം (സങ്കീ. 45:8)
15. ഏഥാൻ (സങ്കീ. 89)
16. നീതിമാൻ (സങ്കീ. 11:3)
17. തർശീശ് (സങ്കീ. 48:7)
18. ദുഷ്ടസിംഹാസനം (സങ്കീ. 94:20)
19. വഞ്ചന (സങ്കീ. 50:19)
20. യഹോവയുടെ ഭക്തന്മാർക്ക് (സങ്കീ. 25:14)

# ഇന്നിന്റെ നൊമ്പരങ്ങളോ നാം?

നീ നന്മയേക്കാൾ തിന്മയെയും, നീതിയെ സംസാരിക്കുന്നതിനേക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്നു  എന്ന് സങ്കീ. 52:3-ൽ നാം വായിക്കുന്നു. ഈ തിരുവചനഭാഗത്തിലെ പ്രതിപാദ്യവിഷയം ദൈവത്തെയും, ദൈവവ്യവസ്ഥയെയും നിരാകരിച്ച് ലോകവ്യവസ്ഥയിലേക്ക് പ്രയാണം ചെയ്യുന്ന ഒരു ദൈവപൈതലിനോടുള്ള ചോദ്യമല്ലേ പരാമർശിച്ചിരിക്കുന്നത്?

ഈ വചനം അന്വർത്ഥമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം ഓരോരുത്തരും യാത്ര ചെയ്യുന്നത്.  എന്നാൽ തിരുവചനം നമ്മോടു എന്തു പറയുന്നു, ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ (സങ്കീ.119:9). ആയതിനാൽ നമ്മുടെയുള്ളിൽ ജീവനായ ദൈവവചനത്താൽ അശുദ്ധമായതിനെ തകർത്ത്, തെറ്റുകൾ തിരുത്തി, അടിസ്ഥാന സ്വഭാവങ്ങളെ നിർമ്മലമാക്കി, അനുദിന സ്വഭാവശുദ്ധീകരണ പ്രവൃത്തിയിലൂടെ നമുക്ക് നന്മയുടെ വക്താക്കളാകാം. അതിനു ജീവിതമാകുന്ന പാഠപുസ്തകത്തിൽ നിന്ന് നന്മയായതു പതുക്കെ സാംശീകരിക്കാൻ തയ്യാറായാൽ നമ്മുടെ ചിന്തകളും പ്രവൃത്തികളും അനുദിനം നന്മയുടെ പാതയിലേക്ക് നമ്മെ പിച്ചവയ്ക്കാൻ പഠിപ്പിക്കും.  ജീവിതം ചില പാഠങ്ങൾ പഠിപ്പിക്കുക മാത്രമല്ല ചില തിരിച്ചറിവുകൾ അനുഭവങ്ങളിൽ നിന്നു ലഭ്യമാക്കുകയും ചെയ്യും. അത് നാം കണ്ട അറിവിൽ നിന്നോ നാം കേട്ട അറിവിൽ നിന്നോ ലഭ്യമാകുന്നതല്ല.

ഈ കാലയളവിൽ നാം എല്ലാവരും സ്വേച്ഛാധിപതികളായിട്ടാണല്ലോ മുമ്പോട്ടു നീങ്ങുന്നത്.  എന്നാൽ നമ്മിലെ അറിവും, തിരിച്ചറിവും വേണ്ടപോലെ പ്രാവർത്തികമാക്കാതിരുന്നാൽ നാം മറ്റുള്ളവർക്ക് ഒരു നൊമ്പരമായി മാറുകയാണെന്നുള്ള യാഥാർത്ഥ്യം മറക്കരുത്. പ്രായോഗിക ജീവിതത്തിൽ നന്മതിന്മകളെക്കുറിച്ചുള്ള നമ്മുടെ അറിവ് പ്രായത്തിനനുസരിച്ച് ഓരോരുത്തർക്കും അതാതു സമയം ലഭിച്ചില്ലെങ്കിൽ മുമ്പോട്ടുള്ള നമ്മുടെ യാത്രയിൽ തിരിച്ചറിവുകൾ കുറ്റബോധത്തിനധീനരാക്കും. നാം മറ്റുള്ളവരോട് പെരുമാറുന്നതിലെ വൈരുദ്ധ്യം മനസ്സിലാക്കിയാൽ മാത്രമേ തിരുത്തലുകളുടെ ആവശ്യകത ബോദ്ധ്യപ്പെടുകയുള്ളൂ. കുഴഞ്ഞു മറിഞ്ഞതും അസ്വസ്ഥമായ

ലോകത്ത് നേടിയെടുക്കേണ്ടത് ദൈവികജ്ഞാനമാണ്. ആ ജ്ഞാനം നാം പ്രാപിച്ചെടുത്തില്ലെങ്കിൽ പ്രലോഭനങ്ങൾക്ക് നാം വശംവദരാകും. നാം നമ്മുടെ ചുറ്റുപാടുകൾ ഒന്നു വീക്ഷിച്ചാൽ ഇതരമതഭക്തർ ആചാരങ്ങളിലൂടെയും, ശാരീരിക അടയാളങ്ങളിലൂടെയും ആത്മീയ പരിവേഷം ചാർത്തുമ്പോൾ ഒരു ദൈവപൈതൽ അത്യുന്നതന്റെ മറവിൽ വസിക്കുന്നവനായും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കുന്നവനായും കാണപ്പെടുന്നു.

ഒരിക്കൽ ഒരു ഇംഗ്ലീഷ് തത്വചിന്തകൻ ഇങ്ങനെ പറയുകയുണ്ടായി. ആരോഗ്യമുള്ള ശരീരം ആത്മാവിന് അതിഥി മുറിയാണ്. അനാരോഗ്യമുള്ള ശരീരം ജയിലുമാണ്. നമ്മുടെ ബന്ധങ്ങൾ എല്ലാം വ്യവസ്ഥകൾക്ക് അധിഷ്ഠിതമാണല്ലോ. അവയെല്ലാം നൂൽപാലങ്ങളിലൂടെ സഞ്ചരിക്കുന്നു. എന്നാൽ വ്യവസ്ഥകളില്ലാതെ നമ്മെ ചേർത്തു പിടിക്കുന്ന നസ്രായനായ യേശു അർഹതയില്ലാത്തയിടങ്ങളിൽ അർഹത നല്കി പരിപാലിക്കുന്നു. നഷ്ടപ്പെട്ടതിനെ തേടിയലയുന്ന ഒരു പിതാവ്. ആ പിതാവിന് നാം നൊമ്പരമായിത്തീരാൻ ഇടയാകാതിരിക്കട്ടെ. ആ പാദങ്ങളിലേക്ക് മടങ്ങി വരാം. നീതിയ്ക്കു നിരക്കാത്ത പ്രവണതകൾ ഏറിവരുന്ന ഒരു കാലഘട്ടത്തിലൂടെ നാം യാത്ര ചെയ്യുമ്പോൾ നമ്മിൽ നിന്ന് ആർക്കെങ്കിലും വേദനയുണ്ടായോ എന്നു ഒന്നു പുനഃപരിശോധിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇന്ന് അടിസ്ഥാന ആവശ്യങ്ങളിൽ അസംതൃപ്തരായവർക്ക് ആലങ്കാരിക കർമ്മങ്ങളിലും ചിന്തകളിലും താൽപര്യമുണ്ടാകയില്ല.

10 വെള്ളിത്തുട്ടും നാലാളും കൂടെ നില്ക്കുന്നുണ്ടെങ്കിൽ ഇന്ന് സന്നദ്ധപ്രവർത്തനം പൊടിപൂരം. പക്ഷേ അത് ദൈവത്തിന് പ്രസാദമാണോ എന്നവർ ചിന്തിക്കാതെ അതിന്റെ ലക്ഷ്യം മാത്രം ലാക്കാക്കി അവർ ചെയ്യുന്നു. ഇതു കാണുന്നവർക്കും ദൈവത്തിനും നൊമ്പരമുണർത്തുന്നതാണ്. അതുകൊണ്ടാണ് തിരുവചനം പറയുന്നത് 'ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങൾ അനുസരിക്കുമാറ് ഇനിയും വാഴരുത്. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കയുമരുത്.'

ഒരു ദൈവപൈതൽ തിരുസാന്നിധ്യം വിട്ട് നീരോട്ടമുള്ളയിടങ്ങൾ തേടിയിറങ്ങുമ്പോൾ ഏറെ നൊമ്പരമുണ്ടാകുന്നത് നമ്മുടെ സ്വർഗ്ഗീയപിതാവിനായിരിക്കും. പ്രിയപ്പെട്ടവരേ, നമുക്ക് ഇഷ്ടമുള്ള വഴി തിരഞ്ഞെടുക്കാം, ഇഷ്ടമുള്ളയിടത്തേക്ക് പോകാം. കുരിശിന്റെ വഴിയേക്കാൾ ഭേദവും ഭദ്രവുമായ വഴി കഷ്ടതയുടെ വഴി മാത്രമാണ്.

ഇത് നമ്മുടെ ഓർമ്മയിലിരിക്കണം. ദൈവവ്യവസ്ഥവിട്ട് തന്റെ ഇച്ഛയ്ക്കനുസരിച്ച് പദവി ദുരുപയോഗം ചെയ്ത ശലോമോൻ രാജാവിന്റെ കഥയറിയാമല്ലോ. ദൈവപൈതൽ എന്ന നമ്മുടെ പദവി ജഡാഭിലാഷങ്ങൾക്കുവേണ്ടി നാം ദുരുപയോഗം ചെയ്താൽ മറ്റുള്ളവർക്ക് നാം നൊമ്പരമായിത്തീരുകയാണ് മറക്കരുത്.

ചരടുപൊട്ടിയ പട്ടം ഉയർന്നുപൊങ്ങുമെങ്കിലും ദിശതെറ്റി അവസാനം എവിടെയെങ്കിലും കുരുങ്ങി നശിച്ചുപോകുന്നതുപോലെയാണ് ദൈവനിയന്ത്രണം വിട്ട ഒരു ഭക്തൻ എത്ര ഉയരത്തിൽ ഉയർന്നാലും അവൻ താഴെയ്ക്കു തന്നെ വീണുടയും. സൈമൺസാർ ഒരിക്കൽ പറയുവാനിടയായി. “നമ്മുടെ മനസ്സ് കെട്ടുപൊട്ടിച്ച് ഓടുന്ന മൃഗംപോലെയാണ്. മനസ്സാകുന്ന കാളക്കൂറ്റനെ കെട്ടിനിറുത്താൻ പ്രയാസമാണ്. അത് കെട്ടു പൊട്ടിക്കും”.

ദൈവകല്പന നിർമ്മൂലമാക്കിക്കളയുന്നതിന്റെ ഫലമായിട്ടാണല്ലോ നമുക്ക് ഈ കാലഘട്ടത്തിൽ കർത്താവിനെ സ്നേഹിക്കാൻ പറ്റാത്തത്. അതിന്റെ തിക്തഫലമോ ദൈവഹിതമല്ലാത്ത തിന്മയുടെ പങ്കാളികളാകുക മാത്രമല്ല, മ്ലേഛതയുടെ നടുവിൽ കുറ്റബോധമില്ലാത്തവരായും ജീവിക്കാനും തിന്മ നമ്മെ പ്രാപ്തരാക്കുന്നു. ഇങ്ങനെയുള്ള ജീവിതം നാം മറ്റുള്ളവർക്ക് നൊമ്പരമുണ്ടാക്കുന്നു. ലോത്തിന്റെ കുടുംബം ജീവിച്ചതുപോലെ. ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് “റാൻബാറ്റൻ” എന്ന ചിത്രകാരന്റെ അവസാന വാക്ക് ഇവിടെ കുറിക്കട്ടെ: “സന്തോഷവും, സമാധാനവുംകൊണ്ട് എന്റെ ജീവിതത്തിന്റെ ശൂന്യത മാറ്റാൻ ഞാൻ ലോകം മുഴുവനും ഓടി. എന്നാൽ ഈ ഓട്ടത്തിൽ ഞാൻ ക്ഷീണിച്ചിരിക്കുന്നു. എണ്ണമില്ലാത്ത സൗഭാഗ്യങ്ങൾ ഉണ്ടെങ്കിലും എന്റെ ജീവിതം ശൂന്യമാണ്”.

നമുക്കു നമ്മെത്തന്നെ ഒന്നു തിരിഞ്ഞുനോക്കാം. നാം മറ്റുള്ളവർക്ക് നൊമ്പരമായി പരിണമിക്കുന്നുണ്ടോ? ദൈവത്തെയും ദൈവവ്യവസ്ഥയെയും നിരാകരിച്ച് അനന്തതയിലേക്ക് ദിശതെറ്റി ഉയരുന്ന പട്ടത്തിനു തുല്യമോ? പിടിച്ചുകെട്ടാൻ പറ്റാത്ത കാളക്കൂറ്റനാണോ നമ്മുടെ മനസ്സ്. സന്തോഷവും സമാധാനവും കൊണ്ട് ശൂന്യതയകറ്റാൻ ഓടിനടക്കുന്നവരോ? മടങ്ങി വരാം. ദൈവ പാദപീഠത്തിലേക്ക് അത്യുന്നതന്റെ മറവിൽ സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കാം. ദൈവത്തെ ശരണമാക്കാം അവിടുത്തേക്ക് മനസ്സുയർത്താം. ദൈവം നമ്മുടെ സങ്കേതവും ബലവുമെന്നു പറയാം. ഇങ്ങനെ ശരണപ്പെട്ട് ദൈവപാദപീഠത്തിലേക്ക് വരുന്ന ഒരു ദൈവപൈതൽ ആർക്കും നൊമ്പര

മായി മാറുകയില്ല. ആ ക്രൂശിതന്റെ വഴി നമ്മുടെ സമാധാനവും സന്തോഷവും പ്രത്യാശയും നല്കും. കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായി നമ്മോടുകൂടെയിരിക്കും. സകലബുദ്ധിയേയും കവിയുന്ന ദൈവികസമാധാനം നല്കുന്ന ആ അരുമ പിതാവിൽ ആശ്രയിച്ചു മുന്നേറുവാൻ നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് നിറുത്തുന്നു.

നിൻ മനമിളകാതെ, നിൻ മനം പതറാതെ
നിന്നോടുകൂടെയെന്നും, ഞാനുണ്ടു അന്ത്യം വരെ

**എൽസി തോമസ്, മേട്ടരിങ്ങാട്ട്**

---

## Quest 100 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ, പത്തനംതിട്ട.
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. ജോയമ്മ സാംസൺ, കൊല്ലം
4. എൽസി തോമസ്, മീൻതുള്ളി കണ്ണൂർ
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല. കെ.വി., പുളിക്കൽ കവല, കോട്ടയം
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം
12. ബിന്ദു സി.എസ്. വഞ്ചിയൂർ, തിരുവനന്തപുരം
13. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി.
15. സുജ സുനിൽ, ആറാം കല്ല് തിരുവനന്തപുരം
16. അനുഗ്രഹ ജെ. വെങ്ങാനൂർ, തിരുവനന്തപുരം
17. പ്രജിത മൈക്കിൾ, വട്ടിയൂർക്കാവ്, തിരുവനന്തപുരം
18. വത്സ ഡി.എസ്. തിരുവനന്തപുരം
19. സജനി ഔസേഫ്, പോങ്ങുംമൂട്, തിരുവനന്തപുരം
20. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
21. രശ്മി സിജു, കുറ്റിയാണി, തിരുവനന്തപുരം
22. ലൈസ സാമുവേൽ, മുംബൈ
23. വിനീത ബി. പോത്തൻകോട് തിരുവനന്തപുരം
24. സാറാ അശോക്, തിടനാട്, കോട്ടയം

**ക്വെസ്റ്റ് 100-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# ഒഴികഴിവുകളുടെ ലോകം

ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യാതിരിക്കയോ, ചെയ്യാൻ പാടി ല്ലാത്ത കാര്യങ്ങൾ ചെയ്യുകയോ ചെയ്യുന്ന അവസരങ്ങളിൽ മനുഷ്യർ കണ്ടുപിടിക്കുന്ന "മുടന്തൻ ന്യായ"ങ്ങളാണ് "ഒഴികഴിവുകൾ" എന്ന പേരിലറിയപ്പെടുന്നത്. ഒഴികഴിവുകളുടെ ലോകത്തിലാണ് നാം ജീവി ക്കുന്നത്. മാനവജാതിയുടെ ആരംഭം മുതൽ ഒഴികഴിവുകൾ പ്രയോഗി ക്കപ്പെടാറുണ്ടെന്ന് വിശുദ്ധവേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരി ക്കുന്നു. ദൈവം തന്റെ സ്വന്തം കൈവിരലുകളാൽ സൃഷ്ടിച്ച മനുഷ്യനെ സർവ്വ ഫലഭൂയിഷ്ഠമായ ഏദെൻ തോട്ടത്തിൽ പാർപ്പിക്കുമ്പോൾ തിന്ന രുതെന്നു കല്പിച്ചിരുന്ന ഏകഫലം ഭക്ഷിച്ച മനുഷ്യൻ ദൈവത്താൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ തന്റെ കുറ്റം ഏറ്റുപറയുന്നതിനുപകരം "എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു" എന്ന ഒഴികഴിവാണ് പറയുന്നത്. ദൈവം സ്ത്രീയോടു സംസാരിച്ചപ്പോൾ അവൾക്കും ഒരു ഒഴികഴിവ് പറയാനു ണ്ടായിരുന്നു. "പാമ്പ് എന്നെ വഞ്ചിച്ചു; ഞാൻ തിന്നുപോയി" എന്നാ യിരുന്നു അവൾ പറഞ്ഞ ന്യായം. (ഉൽപത്തി 3:1-13). ആദിമ മനുഷ്യ നിൽ ആരംഭിച്ച ഈ ഒഴികഴിവ് ശീലം പിൻതലമുറകളെയും ബാധിച്ച തായി കാണാം. സ്വന്തം അനുജനെ കൊന്ന് കുഴിച്ചുമൂടിയ കയീനോട് "നിന്റെ അനുജനായ ഹാബേൽ എവിടെ?" എന്ന് ദൈവം ചോദിച്ച പ്പോൾ "ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ?" എന്ന മറുചോ ദ്യമാണ് ഉത്തരമായി നല്കുന്നത്. (ഉൽപ. 4:9). സ്വന്ത തെറ്റുകളെ മറ യ്ക്കുന്നതിനോ ഗുരുതരമായ കൃത്യവിലോപങ്ങളിൽ നിന്നും രക്ഷ പ്പെടുന്നതിനോ വേണ്ടി ഇത്തരം ഒഴികഴിവുകൾ പ്രയോഗിച്ചതിനുള്ള ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ ഉടനീളം കാണാൻ കഴിയും. യിസ്രായേലിന്റെ പ്രഥമ രാജാവായി അഭിഷേകം ചെയ്യപ്പെട്ട ശൗലിന്റെ ജീവിതത്തിൽ സംഭവിച്ച പല ഗൗരവതരമായ വീഴ്ചകളെയും ഒഴികഴി വുകൾ പറഞ്ഞ് സാധൂകരിക്കുന്നതിനാണ് അവൻ ശ്രമിച്ചത്. വളരെ വിപുലമായ സജ്ജീകരണങ്ങളോടുകൂടെ യിസ്രായേലിനെ എതിർപ്പെട്ട ഫെലിസ്ത്യരോട് യുദ്ധം ആരംഭിക്കുന്നതിനുമുമ്പ് യഹോവയ്ക്ക് ഹോമ യാഗവും സമാധാനയാഗവും അർപ്പിക്കേണ്ടതാണെന്നും അതിനു വേണ്ടി ഏതാനും ദിവസം കാത്തിരിക്കേണ്ടതാണെന്നും ശമൂവേൽ പ്രവാചകനിൽ നിന്നും ലഭിച്ചിരുന്ന നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട്

ഏഴുദിവസത്തെ കാത്തിരിപ്പിനുശേഷം പ്രവാചകനുവേണ്ടി ഇനിയും കാത്തിരിക്കാതെ ശൗൽ തന്നെ പ്രസ്തുത യാഗങ്ങൾ നിർവ്വഹിച്ചതായി നാം 1 ശമൂവേൽ 13-ാം അദ്ധ്യായത്തിൽ വായിക്കുന്നു. "നീ ചെയ്തത് എന്ത്?" എന്ന ശമൂവേലിന്റെ ചോദ്യത്തിനുത്തരമായി നിശ്ചയിച്ച അവധിക്ക് ശമൂവേൽ എത്തിച്ചേരാത്തതുകൊണ്ടും ജനം തന്നെവിട്ടു ചിതറിപ്പോകുമെന്നുള്ള ആശങ്കയാലും മറ്റുമാണ് താൻ അങ്ങനെ ചെയ്തതെന്ന് ശൗൽ മറുപടി കൊടുക്കുന്നു. വേറൊരവസരത്തിൽ അമാലേക്യരുമായി യുദ്ധത്തിന് ഒരുമ്പെട്ടപ്പോൾ അവരെയും അവർക്കുള്ളവയെയും നിർമ്മൂലമാക്കണമെന്നുള്ള ദൈവ കല്പനയ്ക്ക് വിപരീതമായി അവരുടെ രാജാവായ ആഗാഗിനെ കൊല്ലാതിരിക്കയും ആടുമാടുകളിൽ മേത്തരമായവയെ ജീവനോട് സൂക്ഷിക്കയും ചെയ്തു. നിന്റെ ദൈവമായ യഹോവയ്ക്ക് യാഗം കഴിപ്പാൻ (ഇവയെ) ജീവനോട് സൂക്ഷിച്ചു" എന്നായിരുന്നു ശൗൽ പറഞ്ഞ ഒഴികഴിവ് (1 ശമൂ. 15:1-15).

എന്നാൽ ശൗലിന്റെ ഒഴികഴിവുകൾ അവനെ രക്ഷിച്ചില്ല. "നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തുനിന്നും തള്ളിക്കളഞ്ഞിരിക്കുന്നു" എന്നായിരുന്നു ശമൂവേൽ കൊടുത്ത മറുപടി.

പുതിയനിയമത്തിലേക്ക് കണ്ണോടിക്കുമ്പോൾ നമ്മുടെ ജീവിതത്തോടു കുറച്ചുകൂടി ബന്ധപ്പെടുത്താവുന്ന ഒഴികഴിവുകൾ നിറഞ്ഞ ചില സംഭവങ്ങളെക്കുറിച്ച് നാം വായിക്കുന്നു. ലൂക്കൊസ് 14:16-24-ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു മനുഷ്യൻ ഒരുക്കിയ വലിയ അത്താഴവിരുന്നിന്റെ ഉപമ ഏറ്റവും നല്ല ഒരുദാഹരണമാണ്. പ്രസ്തുത വിരുന്നൊരുക്കിയ ആൾ തീർച്ചയായും ഒരു വലിയ ധനാഢ്യനായിരുന്നിരിക്കണം. തന്റെ പദവിക്കനുസരണമായ വിധത്തിൽ അനേക വിശിഷ്ടാതിഥികളെ ക്ഷണിച്ചിരുന്നുവെന്നു തന്നെ കരുതാം. എന്നാൽ പ്രതീക്ഷയ്ക്ക് വിപരീതമായി വിരുന്നിനു സമയമായപ്പോൾ അനേകരും ഓരോ ഒഴികഴിവുകൾ പറഞ്ഞൊഴിയുകയാണ് ചെയ്തത്. ക്ഷണിതാക്കളിലൊരുവൻ താൻ പുതുതായി വാങ്ങിയ സ്ഥലം നോക്കേണ്ടതിന് പോകുന്നെന്നും മറ്റൊരാൾ ഏതാനും ഏർ കാളയെ വാങ്ങിച്ചിട്ടുണ്ടെന്നും അവയെ ശോധന ചെയ്യാൻ പോകേണ്ടിയിരിക്കുന്നെന്നും, ഇനിയും ഒരുവൻ താൻ പുതുതായി വിവാഹിതനായതിനാൽ അത്താഴവിരുന്നിനു ചെന്ന് സമയം പാഴാക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അറിയിക്കയുണ്ടായി. ബാലിശമായ ഇത്തരം ഒഴികഴിവുകൾ കേട്ട് കുപിതനായ ആതിഥേയൻ, വീഥികളിലും ഇടത്തെരുവുകളിലും കാണപ്പെടുന്ന ദരിദ്രർ,

അംഗഹീനർ മുതലായ നിസ്സാരരും അറിയപ്പെടാത്തവരുമായ ആളുകൾക്കുവേണ്ടി തന്റെ വിരുന്നുശാല തുറന്നു കൊടുക്കയും വിശിഷ്ടാതിഥികളെ തിരസ്ക്കരിക്കയും ചെയ്തു.

ഇന്ന് വീഥികളിലും ഇടത്തെരുക്കളിലും പെരുവഴികളിലും മുഴങ്ങുന്ന രക്ഷയുടെ സുവിശേഷം ഒരു വലിയ വിരുന്നിൽ സംബന്ധിക്കുന്നതിനുവേണ്ടിയുള്ള ക്ഷണമാണ്. പാപഗ്രസ്തമായ ഈ ലോകത്തിൽ ജീവിച്ച്, നാശനരകത്തിലേക്ക് ത്വരിതഗമനം ചെയ്യുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം ഒരുക്കിയ ഈ വിരുന്നിൽ സംബന്ധിക്കുന്നവർക്ക് ലഭിക്കുന്നത് കേവലം ഉദരപൂരണം മാത്രമല്ല, പ്രത്യുത എന്നെന്നേക്കുമുള്ള പാപക്ഷമയാണ്. “അവനിൽ (കർത്താവായ യേശുവിൽ) നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്” (എഫെ. 1:7). ഇന്ന് ലോകമാസകലമുള്ള സുവിശേഷപ്രവർത്തനങ്ങളിൽകൂടി മേല്പറഞ്ഞ രാജകീയ വിരുന്നിൽ സംബന്ധിക്കുന്നതിനുള്ള ആഹ്വാനം രണ്ടായിരത്തിൽപരം വർഷങ്ങളായി മുഴങ്ങിക്കൊണ്ടിരിക്കയാണ്.

എന്നാൽ ഈ ലോകത്തിന്റെ നേട്ടങ്ങളായ ധനസമ്പാദനം, സ്ഥാനമാനങ്ങളുടെ ലഭ്യത, രാഷ്ട്രീയവും സാമുദായികവുമായ സ്വാധീനശക്തി മുതലായവയാൽ ആകൃഷ്ടരായി അവയ്ക്കുവേണ്ടി അഹോരാത്രം നെട്ടോട്ടമോടുന്നവരുടെ കർണ്ണപുടങ്ങളിൽ മേല്പറഞ്ഞ ആഹ്വാനസ്വരം പതിക്കുന്നതേയില്ല. രാജാധിരാജാവിന്റെ മഹാവിരുന്നിൽ സംബന്ധിക്കുന്നതിനുള്ള ക്ഷണം സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഓരോ വ്യക്തിക്കും അവകാശമുണ്ട്. സ്വീകരിക്കുന്നവർക്ക് ദൈവരാജ്യത്തിന്റെ അവകാശികളായി എന്നെന്നേക്കും വാഴുന്നതിനുള്ള പദവി ലഭിക്കുന്നു. സ്വീകരിക്കാത്തവർ “കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള” നിത്യനരകത്തിന് അർഹരായിത്തീരുന്നു.

രാജകീയ വിരുന്നിനുള്ള ക്ഷണം സ്വീകരിച്ചവരായ നാം പ്രവേശിച്ചിരിക്കുന്ന മനോഹരമായ ഈ വിരുന്നുശാലയിൽ അനവധി ഇരിപ്പിടങ്ങൾ ഇനിയും ഒഴിഞ്ഞു കിടക്കുന്നുണ്ട്. ആ ഇരിപ്പിടങ്ങൾ കൂടെ നിറഞ്ഞിട്ടുമാത്രമേ വിരുന്നുസൽക്കാരം ആരംഭിക്കുകയുള്ളൂ. ആകയാൽ നമുക്ക് ഓരോരുത്തർക്കും യാതൊരു ഒഴികഴിവും പറയാതെ വീഥികളിലും വഴിത്തലയ്ക്കലും കടന്നുചെന്ന് അവിടവിടെയായി കാണപ്പെടുന്ന വലിയവരെയും ചെറിയവരെയും അജ്ഞരെയും അംഗഹീനരെയും രക്ഷയുടെ വാതിലിൽക്കൂടെ ഈ വിരുന്നുശാലയിലേക്ക് ആനയിക്കാം.

**ജോർജ് ജോൺ, തിരുവനന്തപുരം**

# നിങ്ങൾ ദൈവത്തിന്റെ ഗൃഹനിർമ്മാണം

(1 കൊരി.3:9)

തിരുവചനത്തിൽ പല കാര്യങ്ങളും ആലങ്കാരിക ഭാഷയിലാണ് സംസാരിച്ചിരിക്കുന്നത്. ദൈവത്തെ ഇടയനായിട്ടും ദൈവമക്കളെ ആടായിട്ടും ചിത്രീകരിച്ചിരിക്കുന്നു. പ്രസ്തുത വേദഭാഗത്തു ദൈവമക്കളെ ഭവനമായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്. അതേ നാം ദൈവത്തിന്റെ ഭവനം. ദൈവം തനിക്കായി നിർമ്മിച്ച ഭവനം. 1 കൊരി.3:16 നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?

യിസ്രായേൽമക്കൾ മിസ്രയീമിന്റെ അടിമത്വത്തിൽ നിന്നു വിടുവിക്കപ്പെട്ടപ്പോൾ ദൈവം അവരുടെ മദ്ധ്യത്തിൽ വസിപ്പാൻ ആഗ്രഹിച്ചു. ദൈവം കൊടുത്ത മാതൃകപ്രകാരം മോശെ സമാഗമനകൂടാരം ഉണ്ടാക്കി. സാത്താന്റെ അടിമത്വത്തിൽനിന്നു വിടുതൽ പ്രാപിച്ച ദൈവമക്കളുടെ ഉള്ളിൽ വസിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. അതിനായി ദൈവം നിർമ്മിച്ച സമാഗമനകൂടാരമാണ് നാം ഓരോരുത്തരും. സമാഗമന കൂടാരത്തിനു മൂന്നു ഭാഗങ്ങളുണ്ട് പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം. അതുപോലെ ദൈവത്തിന്റെ സമാഗമന കൂടാരമായ നമ്മിലും മൂന്നു ഘടകങ്ങളുണ്ട് ദേഹം, ദേഹി, ആത്മാവ്. സമാഗമനകൂടാരത്തിനകത്തുള്ള ഉപകരണങ്ങളൊക്കെയും ക്രിസ്തുവിന്റെ ക്രൂശുമരണത്തെയും മഹത്ത്വത്തെയും വെളിപ്പെടുത്തുന്നവയാണ്. അതുപോലെ നമ്മിലുള്ള എല്ലാ ചിന്തകളും പ്രവർത്തനങ്ങളും ദൈവമഹത്ത്വത്തെ പ്രദർശിപ്പിക്കുന്നതായിരിക്കണം.

**നാം ദൈവത്തിന്റെ ഗൃഹനിർമ്മാണം എന്നു പറവാൻ കാരണമെന്ത്?**

ഏതു ഭവനവും ചമയ്ക്കുവാൻ ഒരാൾ വേണം; സർവ്വവും ചമെച്ചവൻ ദൈവം തന്നേ (എബ്രാ.3:4). യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു (സങ്കീ. 127:1). ഒരു ഭവനം പണിയുന്നതിന് ഒരു ശില്പി (എൻജിനിയർ) ഉണ്ടായിരിക്കണം. ദൈവമാണ് ഈ വലിയ എൻജിനിയർ. എൻജിനിയർ വീടിന്റെ പ്ലാൻ തയ്യാറാക്കുമ്പോൾത്തന്നെ അതിന്റ വലിപ്പം, എത്ര നില വേണം, വാതിൽ ജനൽ എന്നിവയൊക്കെ എവിടെ വെക്കണം എന്നൊക്കെ നിശ്ചയിക്കുന്നു. അതുപോലെ നമ്മുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് വലിയ എൻജിനീയറായ ദൈവമാണ്. ഭവനനിർമ്മാ

ണത്തിൽ പണിക്കാർക്കു മാറ്റങ്ങളൊന്നും വരുത്താൻ അവകാശമില്ല. എല്ലാ മാറ്റങ്ങളും പ്ലാനർ തന്നെയാണു ചെയ്യേണ്ടത്. നാം വിദഗ്ധനായ പ്ലാനറെ അനുസരിച്ചാൽ മാത്രം മതി.

യെശ.64:8 എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മെനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ.

വെളി.21:7 ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും.

വെളി.21:3 ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും.

2 കൊരി. 6:16 ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും.

**ദൈവത്തിന്റെ ഭവനം ആകണമെങ്കിൽ നാം എന്തൊക്കെ ചെയ്യണം?**

**1. ക്രിസ്തു എന്ന അടിസ്ഥാനത്തിൽ വേണം പണിയപ്പെടുവാൻ (1 കൊരി. 3:10,11)**

അടിസ്ഥാനം വളരെ പ്രധാനമാണ്. കാരണം ഒരു കെട്ടിടത്തിന്റെ വലിപ്പം, ശക്തി, നിലകൾ എന്നിവ നിശ്ചയിക്കുന്നത് അതിന്റെ അടിസ്ഥാനം അനുസരിച്ചാണ്.

മത്തായി 7:24-25 ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകുകയാൽ വീണില്ല.

നാം ആകുന്ന ഭവനത്തിന്റെ അടിസ്ഥാനം ക്രിസ്തു ആകുന്ന പാറയാണ്. ആ പാറമേൽ ആണ് അടിസ്ഥാനം ഇട്ടിരിക്കുന്നതെങ്കിൽ ക്രിസ്തീയജീവിതത്തിലുണ്ടാകുന്ന ഏതു പ്രതികൂലാവസ്ഥയേയും തരണം ചെയ്യാൻ കഴിയും

**2. ശരിയായ സാധനങ്ങൾ കൊണ്ടുവേണം പണിയുവാൻ (1 കൊരി. 3:12-15 )**

നല്ല സാധനങ്ങൾകൊണ്ടു പണിതില്ലെങ്കിൽ ഭവനം പെട്ടെന്നു നശിക്കും. അതായത് നമ്മുടെ പ്രതിഫലം നഷ്ടപ്പെടും.

1 കൊരി.3:8 ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും.

**3. ഭവനത്തിനകത്തുള്ളവരെല്ലാം നല്ല ഭക്ഷണം കഴിച്ചു ശക്തിപ്പെടണം.**

ദൈവവചനമാണ് ദൈവമക്കൾക്കുള്ള ഭക്ഷണം. ദൈവിക ചട്ടങ്ങൾ അവരുടെ കീർത്തനം ആകുന്നു. സദൃ. 2:1-2 മകനേ, ജ്ഞാനത്തിനു ചെവി കൊടുക്കയും ബോധത്തിനു നിന്റെ ഹൃദയം ചായിക്കയും ചെയ്യേണ്ടതിന്നു എന്റെ വചനങ്ങളെ കൈക്കൊണ്ടു എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിക്കുക. തീത്തോ.1:12-14 ക്രേത്തർ സർവ്വദാ അസത്യവാദികളും ദുഷ്ടജന്തുക്കളും മടിയന്മാരായ പെരുവയറന്മാരു മത്രേ. അതുനിമിത്തം അവർ വിശ്വാസത്തിൽ ആരോഗ്യമുള്ളവരായി ത്തീരേണ്ടതിന്നു അവരെ കഠിനമായി ശാസിക്ക.

**4. ഈ ഭവനത്തിൽനിന്നു പുറമേയുള്ളവർ കേൾക്കേണ്ടത് ദൈവ ത്തിന്നു അർപ്പിക്കുന്ന സ്തുതി സ്തോത്രങ്ങളായിരിക്കണം.**

അവിടെ ആരാധനയും കുടുംബപ്രാർത്ഥനയും ഉണ്ട് (ഇയ്യോ.1:5). ഐശ്വര്യവും സമ്പത്തും അവരുടെ വീട്ടിൽ ഉണ്ട് (സങ്കീ.112:3). അവിടെ ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം ഉണ്ട് (സങ്കീ. 118:15).

1 തെസ്സ. 5:15-18 ആരും തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തു കൊണ്ടിരിപ്പിൻ; എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തു യേശുവിൽ ദൈവേഷ്ടം.

ദൈവപൈതലിന്റെ ഭവനത്തിനു ചുറ്റിലും യാതൊരു ബാധയും അടുക്കാതവണ്ണം ദൈവദൂതന്മാരുടെ കാവൽ ഉണ്ടായിരിക്കും (സങ്കീ. 91:10,11). ഇങ്ങനെ അകത്ത് ഐശ്വര്യവും പുറത്ത് സംരക്ഷണവും ഉള്ള താണ് ദൈവപൈതലിന്റെ ഭവനം. അതിഥിസൽക്കാരം ദൈവമക്കളുടെ ഭവനത്തിന് ഒരു ഭൂഷണമാണ്.

പ്രിയ സഹോദരിമാരേ, നാം ബലഹീനപാത്രമെങ്കിലും ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ അത്രേ. നമ്മെയും ദൈവം തനിക്കു അധിവ സിപ്പാനുള്ള ഭവനമായി പണിതിരിക്കയാണ്. ആയതിനാൽ ദൈവം നമ്മെ ആക്കിയിരിക്കുന്ന ഇടത്തു സന്തോഷത്തോടെ വസിച്ച് ദൈവ ത്തിന് ഇഷ്ടമുള്ള പ്രവൃത്തി ചെയ്തു ജീവിക്കാം.

**ജോയമ്മ സാംസൺ, കൊല്ലം**

# സൗദി ജയിലിൽ മൂന്നു മലയാളികൾ

"മരുമകൻ ചമ്മന്തി കൂട്ടിയതുപോലെ" എന്നൊരു ചൊല്ലുണ്ടല്ലോ. മരുമകൻ വന്നപ്പോൾ ചമ്മന്തി കൂട്ടാൻ കൊടുത്തു അമ്മായിയമ്മ. ചമ്മന്തി കൂട്ടുന്നത് നിലവാരത്തിൽനിന്നും താണതെന്നു കരുതിയ മരുമകൻ മറ്റാരും ഈ ഗതികേടു കാണണ്ട എന്നു വിചാരിച്ച് മുഴുവനും ഒന്നിച്ച് അങ്ങ് വിഴുങ്ങി. അമ്മായിയമ്മ വേഗം ബാക്കിയുണ്ടായിരുന്നതുകൂടി കൊണ്ടുകൊടുത്തു. മരുമകനുണ്ടോ വിടുന്നു. അതു വേഗം തീർത്തു. എന്റെ ചമ്മന്തി അവന് പണ്ടേ പ്രിയമുണ്ടെന്നു കരുതിയ അമ്മായിയമ്മ വേഗം തന്നെ അല്പം കൂടി അരച്ചുകൊടുത്തു എന്നാണ് കേൾക്കുന്നത്.

റിയാദിലെ പോലീസ് കമ്മീഷണറുടെ മുമ്പിലിരുന്ന്, കുറ്റം തെളിയിക്കുന്നതിനു സൗദി അറേബ്യ ഉപയോഗിക്കുന്ന വിധങ്ങളെക്കുറിച്ച് കേൾക്കുകയും ഇന്ത്യയിലെ ജനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു ഞങ്ങൾ. അവരുടെ ആചാരം പതിവു പ്രകാരം ഓഫീസ് ബോയി ഒരു ജഗ്ഗിൽ പാനീയവുമായി വന്നു. കഷ്ടിച്ച് 2 ഔൺസ് കൊള്ളുന്ന ചെറിയ കപ്പുകളും ഓരോരുത്തരുടെ കൈയ്യിൽ കൊടുത്തു. അവൻ അതിലേക്ക് പാനീയം ഒഴിച്ചുകൊടുത്തു. ഞാൻ അല്പം രുചി നോക്കി അത്ര പിടിച്ചില്ലെങ്കിലും ആതിഥേയനെ മാനിച്ച് വേഗത്തിൽ അതു കുടിച്ചുതീർത്തു. അപ്പോഴിതാ രണ്ടാമതും അവൻ വന്നു പാത്രം നിറച്ചു. അതും കുടിച്ചുതീർത്ത ഞാൻ മൂന്നാമത്തെ കപ്പും കുടിക്കേണ്ടി വന്നു. എനിക്കിഷ്ടപ്പെട്ടു എന്നോർത്താണ് അവൻ പിന്നെയും നിറച്ചതെങ്കിൽ, ആ പാക്കിസ്ഥാനി പ്യൂണിനു തെറ്റിപ്പോയി.

കോവ എന്നു പറയും ആ പാനീയത്തിന്, അറബികളുടെ കാപ്പിയാണിത്. കാപ്പിക്കുരു അധികം മൂക്കാതെ വറുക്കും. അതും, ഏലക്കാ, ചുക്ക് എന്നിവയും പൊടിച്ച് ഉണ്ടാക്കുന്നതാണിത്. അതിന്റെ നിറം എന്നിൽ ഒരു പഴയ ഓർമ്മ ഉണർത്തി. വയറ്റിൽ അസുഖം വരുമ്പോൾ അമ്മച്ചി ഉണ്ടാക്കിത്തരുന്ന ഇഞ്ചിനീര്, അതും കുടിച്ചുതീർക്കാൻ പ്രയാസമായിരുന്നതിനാൽ ഒരു പ്രോത്സാഹന സമ്മാനംകൂടി ഇഞ്ചിനീരിന്റെകൂടെ എത്തുമായിരുന്നു, അരസ്പൂൺ പഞ്ചസാര. വിഷമമുള്ള കാര്യം വേഗം ചെയ്തുതീർക്കുന്നതിനുള്ള കൈക്കൂലിയുടെ ഒരു ചെറിയ പതിപ്പ്.

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

കോവ കുടിച്ചു കഴിഞ്ഞ് കമ്മീഷണർ എന്നെ പോലീസ് ലോക്കപ്പു മുറി കാണിക്കുവാൻ കൊണ്ടുപോയി. അറസ്റ്റ് ചെയ്തു കൊണ്ടുവന്നാലുടനെ കുറ്റം തെളിയിക്കുന്ന കാലയളവിൽ പാർപ്പി ക്കുന്ന മുറി. 8 മുറികൾ റിയാദ് സെന്ററിൽ ഉണ്ട്. എല്ലാം എയർകണ്ടീ ഷനും, പരവതാനി വിരിച്ചതുമാണ്. മട്ടുപ്പാവിൽ അതിശക്തമായ മൈക്രോഫോണും ക്യാമറ ലെൻസുകളും ഘടിപ്പിച്ചിട്ടുണ്ട്. അത് അറസ്റ്റ് ചെയ്തു കിടക്കുന്നവർക്കറിയില്ല. കാണുവാൻ കഴിയുകയില്ല. കുറ്റവാളികളുടെ സംസാരങ്ങളും ശാരീരിക ചലനങ്ങളും വീഴ്ചയില്ലാതെ രേഖപ്പെടുത്തി കമ്മീഷണറുടെ മുറിയിലെ ടേപ്പിലും സ്ക്രീനിലും നല്കുന്നതിനുള്ള ക്രമീകരണമാണിത്. കുറ്റം തെളി യിക്കുന്നതിന് ഇത് വളരെ സഹായകരമാണ്. ഇന്ത്യാക്കാരായ ചിലരുടെ ലോക്കപ്പിലെ സംസാരവും എന്നെ കമ്മീഷണർ കേൾപ്പിച്ചു. ഒന്നില ധികം ആളുകൾ ചേർന്നുള്ള കുറ്റകൃത്യമാണെങ്കിൽ, ലോക്കപ്പിൽ കിട ന്നുകൊണ്ട്, ഇരുന്നുകൊണ്ട്, പ്രതികൾ രഹസ്യമായി അവലോകനം ചെയ്യും. ഏറ്റവും വലിയ തെളിവായി അവ ഭവിക്കുകയും ചെയ്യും. സെൻ ട്രൽ ജയിലിലെ ഭക്ഷണശാലയിൽ നിന്നുമാണ് ഇവർക്കും ഭക്ഷണം വരുന്നത്. തികച്ചും സമീകൃതാഹാരം നല്കുന്നു. ഭക്ഷണം നല്കുന്ന തിൽ സൗദി പൗരനും ഇതരനും ഒന്നുപോലെതന്നെ. ലോക്കപ്പു മുറികളി ലും കട്ടിലും മെത്തയും ഉണ്ട്. ഓരോ മുറിയോടു ചേർന്നും കുളിമുറി, കക്കൂസ് സൗകര്യം ഉണ്ട്.

ഞാൻ ആ ലോക്കപ്പ് സന്ദർശിക്കുന്ന ദിവസം വിവിധ രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർ അവിടെയുണ്ടായിരുന്നു. സെല്ലുകൾ എല്ലാം തുറന്ന് ആളുകളെ എന്നെ കാണിച്ചു. അവിടെ കണ്ടവർ അധിക വും ശരിയായ യാത്രാരേഖകൾ ഇല്ലാത്തവരും, ഗതാഗത നിയമങ്ങൾ ലംഘിച്ചവരും, മയക്കുമരുന്നു കടത്തുന്നതിൽ പിടിക്കപ്പെട്ടവരും, ജോലി സ്ഥാപനങ്ങളുമായുള്ള ബന്ധം വഷളായി വന്നവരും ആയിരുന്നു. കുറ്റം എന്തുതന്നെയും ആകട്ടെ, ജയിലിലെ സൗകര്യങ്ങൾ എന്തുമാകട്ടെ,

ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ
എന്നുപാടിയ കവിയെ ഞാൻ ഓർത്തുപോയി.

പാക്കിസ്ഥാനിലെ 4 പേർ ഉണ്ടെന്ന് പറഞ്ഞ് എന്നെ മറ്റൊരു സെല്ലിലേക്ക് കൊണ്ടുപോയി. അവിടെ കിടന്ന മൂന്നുപേർ എഴുന്നേറ്റുവന്ന് എന്നോട് 'ഹിന്ദ്', 'ഹിന്ദ്' എന്നു പറഞ്ഞു. അറബിക്കാർ ഇന്ത്യാക്കാരെ ഹിന്ദ് എന്നാണ് പറയുന്നത്. എവിടെയാണ് ഇന്ത്യയിൽ എന്നുചോദിച്ചപ്പോൾ 'കേരളം' എന്നവർ പറഞ്ഞു. എന്റെ അടുത്തുനിന്ന

സെക്യൂരിറ്റിക്കാരെയും തർജ്ജിമക്കാരനെയും മറന്ന് ഇവരോട് എന്റെ ഭാഷയിൽ സംസാരിക്കുവാനുള്ള അനുവാദം ഞാൻ ചോദിച്ചു. അവർക്ക് ഹിന്ദി അറിയില്ല. അതിനാൽ അവരുടെ കാര്യങ്ങൾ എല്ലാം കേട്ടിട്ട് പറഞ്ഞുതരുവാൻ എന്നോട് കമ്മീഷണർ ആവശ്യപ്പെട്ടു. അങ്ങനെ മലയാളത്തിൽനിന്നും ഇംഗ്ലീഷിലേക്കും അതിൽനിന്നും മറ്റൊരാൾ അറബിയിലേക്കുമായി അവരുടെ സങ്കടം കമ്മീഷണറുടെ മുന്നിലവതരിപ്പിച്ചു. മൂന്നു മലയാളികളും കരയുന്നുണ്ടായിരുന്നു. ഞാൻ ഘനവും ഗാംഭീര്യവും സംഭരിച്ചു നിന്നു. എന്റെ ഉള്ള് പിടയ്ക്കുന്നുണ്ടായിരുന്നു. അറേബ്യയുടെ മരുഭൂമിയിൽ വിയർപ്പിനെ പണമാക്കി മാറ്റുവാനുള്ള ആർത്തിയോടെ കണ്ണൂരിൽനിന്നും വന്ന ഈ യുവാക്കളെ ബോംബെയിലെ ഏജന്റും ഇവിടുത്തെ സ്പോൺസറും കൂടി കബളിപ്പിച്ചു. ഒന്നര വർഷത്തെ ശമ്പളത്തിന്റെ മൂന്നിലൊന്നുപോലും കൊടുത്തില്ല. അവരുടെ പേരിൽ കേസുണ്ടാക്കി, പോലീസ് ലോക്കപ്പിലാക്കിയിരിക്കുകയാണ്. മറാദ്, സാഹർ എന്നീ രണ്ടു ലോക്കപ്പിനുശേഷം മൂന്നാമത്തെ ലോക്കപ്പിലേക്ക് വന്നിരിക്കുകയാണ്. ഇത് 66–ാമത്തെ ദിവസമാണ്.

'എന്റെ സാറേ, കർത്താവ് ആണ് നിങ്ങളെ ഇങ്ങോട്ടു കൊണ്ടുവന്നത്. ഞങ്ങളെ ഇവിടെനിന്നും ഇറക്കിയിട്ടേ പോകാവൂ. ഭക്ഷണം ആവശ്യത്തിലധികം, യാതൊരു ഉപദ്രവവും ഇതുവരെ ചെയ്തിട്ടില്ല. എങ്ങനെയെങ്കിലും നാട് എത്തിയാൽ മതി.' അവർ മൂവരും എന്റെ കാലിൽ പിടിച്ചുപറഞ്ഞു. 'ഞങ്ങളുടെ കൂട്ടുകാരൻ അടുത്ത സെല്ലിൽ ഉണ്ട്. അവന്റെ സമനില തെറ്റിപ്പോയി.'ഞാനയാളെയും പോയി കണ്ടു. കാലിൽ ചങ്ങലയുണ്ട്. അവൻ വീട്ടിൽ ഏകമകനാണ്. വീടിനെക്കുറിച്ചുള്ള ചിന്ത, മുതലാളി കളിപ്പിച്ചത്, ബോംബെയിലെ ഏജന്റ് കളിപ്പിച്ചത്, വിസയ്ക്ക് പണം കൊടുക്കുവാൻ വാങ്ങിയ കടം വീടാത്തത്, സ്വാതന്ത്ര്യം നഷ്ടപ്പെട്ടത്. മുമ്പിൽ ഉള്ള ജയിൽവാസം ഇതെല്ലാംകൂടി അവന്റെ സുബോധം നശിപ്പിച്ചു. അവൻ വീട്ടിൽ ഏകമകനുമാണ്. ഞാനവനെ കാണുമ്പോൾ ഒരു അറബി പത്രമെടുത്ത് മലയാളത്തിൽ വായിക്കുകയാണ്. എനിക്കവരുടെ സെല്ലിൽനിന്നും പോരുവാൻ മനസ്സില്ലായിരുന്നു. എന്റെ സമയം കഴിയാറായപ്പോൾ ആ സെല്ലിൽ നിന്നുകൊണ്ട് ഒന്നു പ്രാർത്ഥിക്കുവാൻ അനുവാദം ചോദിച്ചു. തടവുകാരുടെ ആഗ്രഹപ്രകാരം ആയിരുന്നു. അതിനനുവാദം കിട്ടി. ഞാൻ മലയാളത്തിലും ഇംഗ്ലീഷിലും പ്രാർത്ഥിച്ചു. അത് പോലീസ് റിക്കാർഡു ചെയ്യുന്നുണ്ടായിരുന്നു.

ദൈവത്തിൽ വിശ്വസിക്കുക, ദൈവം നിങ്ങളെ ഇവിടെനിന്നും വിടുവിക്കും 'ഞാൻ നടന്നകന്നു. പിറകോട്ടു നോക്കിയപ്പോൾ ഈറന

ണിഞ്ഞ ആറു കണ്ണുകൾ എന്നെ മറയുന്നതുവരെ നോക്കുന്നുണ്ടായിരുന്നു.

സൗദി അറേബ്യയിലെ ആ സെല്ലിൽ നിന്നുകൊണ്ടുള്ള അവരുടെ പ്രാർത്ഥനയും എന്റെ സമീപനവും സങ്കടവും കണ്ട കമ്മീഷണർ എന്നെ ഓഫീസിൽ കൊണ്ടുപോയി കോവയും ചായയും തന്ന് സൽക്കരിച്ചു. മുപ്പതു മിനിറ്റോളം പ്രിസൺ ഫെലോഷിപ്പ് പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. അദ്ദേഹം വേഗത്തിൽ ഫയൽ വിളിച്ചു. ഈ നാലുപേരുടെ കാര്യം വേഗം ശ്രദ്ധിക്കുവാൻ ഉത്തരവിട്ടു. അവരുടെ സ്പോൺസറെയും വിളിച്ചു. 24 മണിക്കൂറിനകം കാര്യം തീർത്ത് പണം കൊടുത്ത് ഇവരെ ഇന്ത്യയിലയയ്ക്കണമെന്ന് ആജ്ഞാപിച്ചു. നിങ്ങൾ സമാധാനമായി പോകുക. 3 ദിവസത്തിനകം ഞാൻ ഇവരെ അവരുടെ സകല ആനുകൂല്യവും കൂലിയും വാങ്ങിക്കൊടുത്ത് ഇന്ത്യയിലേക്കയയ്ക്കാമെന്നു പറഞ്ഞു.

കമ്മീഷണറുടെ ഓഫീസിൽനിന്നും യാത്രപറഞ്ഞ്, ചീറിപ്പായുന്ന പോലീസ് പൈലറ്റ് ജീപ്പിന്റെ പുറകെ, ഇൻറീരിയർ മിനിസ്ട്രിയുടെ എല്ലാ ആഡംബരത്തിലും സംരക്ഷിച്ചിട്ടുള്ള മെഴ്സിഡസ് ബെൻസിന്റെ പിൻസീറ്റിലിരുന്നുകൊണ്ട് പെട്രോളിന്റെ വിപണനശക്തിയാൽ മലർവാടിയായിക്കൊണ്ടിരിക്കുന്ന മരുഭൂമിയെ നോക്കുമ്പോഴും എന്റെ ഹൃദയം പ്രക്ഷുബ്ധമായിരുന്നു. സൗദി അറേബ്യൻ ജയിലുകളിൽ വിങ്ങുന്ന ഹൃദയവുമായി കഴിയുന്ന ഹൃദയങ്ങളിൽ, ആശ്വാസത്തിന്റെയും ധൈര്യത്തിന്റെയും വിടുതലിന്റെയും സമാധാനത്തിന്റെയും സന്ദേശമായ സുവിശേഷം എങ്ങനെ എത്തിക്കുമെന്നുള്ള പ്രശ്നം ദൈവസന്നിധിയിൽ ഉണർത്തിച്ചു ഞാൻ ആശ്വാസം പ്രാപിച്ചു.

ഇന്ത്യാക്കാരായ 460 ആളുകൾ സൗദി അറേബ്യയിലെ ജയിലുകളിൽ ഉണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. ആവശ്യമായ, യോഗ്യമായ രേഖകളില്ലാതെ അവിടെ എത്തി, ഒതുങ്ങിയും പതുങ്ങിയും കഴിഞ്ഞുകൂടിയപ്പോൾ പിടിക്കപ്പെട്ടവർ, ഗതാഗത നിയമം ലംഘിച്ചവർ, ചെറിയ വഴക്ക്, മോഷണം എന്നിവയിൽ അകപ്പെട്ടവർ ഇങ്ങനെ പോകുന്നു ആ കൂട്ടരുടെമേലുള്ള ആരോപണങ്ങൾ. സൗദിയിലുള്ള ഇന്ത്യൻ എംബസി ആവുന്നത്ര സഹായം ചെയ്യുവാൻ ശ്രമിക്കുന്നത് അറിയുവാനിടയായി. എന്നാൽ അത് പര്യാപ്തമല്ല എന്നു പരക്കെ പരാതിയുണ്ട്. എംബസിയുടെ വിസ്തൃതമായ ഉത്തരവാദിത്വത്തിൽ ഒരു സ്ഥാനമല്ലേ തടവുകാരുടെ കാര്യത്തിനു കൊടുക്കുവാൻ കഴിയൂ. നാട്ടിലായാലും വെളിയിലായാലും തടവുകാരൻ എന്നും അവഗണിക്കപ്പെടുന്നു. അവൻ അധികപ്പറ്റാണ്, ആർക്കും എവിടെയും, ഇവിടെയും.

റിയാദിലെ വിചാരണയിലിരിക്കുന്ന 4 തടവുകാർ എന്നെ വളരെ ആകർഷിച്ചു. അവരുടെ പ്രാർത്ഥനയും സമർപ്പണവും കണ്ണീരും തീരുമാനവും ദൈവം കേട്ട് അവരുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കും എന്ന് ഞാൻ പറഞ്ഞ് അവരെ ധൈര്യപ്പെടുത്തി. കേരളത്തിലെ ജയിലുകളിലെ പ്രിസൺ ഫെലോഷിപ്പ് പരിപാടികളെക്കുറിച്ച് ഞാനവരോട് പറഞ്ഞു. "സാറെ, നാട്ടിൽ വന്നാലുടനെ ഓഫീസിൽ എത്തും. ഇത്രയും നല്ല ഒരു കാര്യം ചെയ്യുന്ന നിങ്ങളാണ് ദൈവമക്കൾ. ഞങ്ങളും ഇന്ത്യയിലെത്തി ജയിലുകളിൽ കിടക്കുന്നവരെ സന്ദർശിക്കുവാനും അവരുടെ സങ്കടവും ആവശ്യങ്ങളും കാണുവാനും അവരെ സഹായിക്കുവാനും ആഗ്രഹിക്കുന്നു. ഞങ്ങളുടെ ആയുസ്സിനെ അതിനായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു, ജീവപര്യന്തം.'

**ഡോ. കുഞ്ഞുമോൻ ചക്കോ, കോട്ടയം**

---

***പേജ് 4 ന്റെ തുടർച്ച (ജീവനില്ലാത്ത മനോഹര പട്ടണം)***

പഹൃദയങ്ങളോടെ, പശ്ചാത്തപിച്ച് തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ്, കർത്താവിന്നു പ്രസാദമുള്ള ജീവിതം നയിക്കുവാൻ ഉത്സാഹിക്കാം. അതിരാവിലെ എഴുന്നേറ്റു കർത്തൃപാദങ്ങളിലിരുന്ന് തിരുവചനം വായിച്ചു പഠിച്ച്, ധ്യാനിച്ച്, കർത്താവുമായി വ്യക്തിപരമായ ബന്ധം പുലർത്തി ദിവസം ആരംഭിക്കുക. കുടുംബത്തിലും, സഭയിലും, സമൂഹത്തിലും, ക്രിസ്തുവിനെ ഉയർത്തിക്കാണിച്ച്, വിശ്വാസികൾക്കു മാതൃകയായി ജീവിക്കുക. നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകളേക്കൊണ്ടു വ്യാപാരം ചെയ്യുന്നതിൽ ഉത്സാഹമുള്ളവരായി ജീവിക്കുക. ക്രിസ്തുവിലുള്ള അതേ ഭാവം തന്നെ നമ്മിൽ നിറഞ്ഞു കവിയട്ടെ. നമ്മുടെ മക്കളും, മക്കളുടെ മക്കളും തലമുറ തലമുറയായി ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരും, സത്യത്തിൽ നടക്കുന്നവരുമായി വളരട്ടെ. ഈ ലോകത്തോടനുരൂപരാകാതെ, നമ്മെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിക്കുന്ന, തിരഞ്ഞെടുക്കപ്പെട്ട, രാജകീയപുരോഹിതവർഗ്ഗമായി ജീവിക്കാം. കുറവുകളെ തിരുത്തി ദൈവത്തിന്നുവേണ്ടി ഫലം കായ്ക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കാം. ലോകം നമ്മുടെ ഭവനങ്ങളിലും, വ്യക്തികളിലും, സഭകളിലുമൊക്കെ കയറി സ്ഥാനം പിടിച്ചിരിക്കയല്ലേ? ആഗ്രഹിക്കുന്ന ആത്മികഫലങ്ങൾ നമ്മുടെയൊക്കെ ഭവനങ്ങളിലും, ജീവിതങ്ങളിലും ശുഷ്ക്കിച്ചുപോയിട്ടില്ലേ? മടങ്ങി വരാം. തെറ്റുകുറ്റങ്ങളെ ഏറ്റുപറഞ്ഞ് തിരുവചനപ്രകാരം ഒരു വേർപെട്ട ജീവിതം നയിക്കാം. കർത്താവിന്റെ വരവേറ്റം സമീപമായല്ലൊ!!

**എൽസി ബേബി, ന്യൂയോർക്ക്**

# കുടുംബത്തകർച്ചയുടെ വേരുകൾ

മലയാളി മനഃസാക്ഷിയെ ആഴത്തിൽ മുറിവേൽപ്പിച്ച സംഭവമാണ് പെരുമ്പാവൂരിലെ പെൺകുട്ടിയുടെ ക്രൂരമായ കൊലപാതകം. ഈ കുട്ടി എന്നും ഒരു ദുഃഖപുത്രിയായി മനഃസാക്ഷിയുള്ളവരുടെ ഹൃദയത്തിൽ വസിക്കും. ഈ ദാരുണ സാഹചര്യം അവളുടെ കുടുംബത്തിനുണ്ടായിട്ടും അവർക്ക് ആവശ്യമായ സംരക്ഷണമോ, സ്നേഹമോ നല്കുവാൻ ഒരു സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കഴിഞ്ഞതുമില്ല. എന്തിന് ലോകം മുഴുവൻ നന്നാക്കാൻ നടക്കുന്ന സുവിശേഷകരായ നമുക്ക് നമ്മുടെ മൂക്കിന് താഴെ ദാരിദ്ര്യത്തിലും അരക്ഷിതാവസ്ഥയിലും കഴിഞ്ഞിരുന്ന ഈ കുടുംബത്തെ കണ്ടെത്താൻ കഴിഞ്ഞില്ലല്ലോ എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു.

ഈ പെൺകുട്ടിയെ പരിതാപകരമായ ഈ അവസ്ഥയിലേക്ക് തള്ളിവിട്ടതിന്റെ ഒന്നാം പ്രതി അന്യന്റെ വേദനയെ നിസ്സംഗതയോടെ വീക്ഷിക്കുന്ന മലയാളി സമൂഹത്തിന്റെ ഹൃദയകാഠിന്യം തന്നെയാണ്. രണ്ടാം പ്രതി കുടുംബത്തകർച്ചയാണ്. അച്ഛനും അമ്മയും മക്കളുമടങ്ങുന്ന കൂടുമ്പോൾ ഇമ്പമുണ്ടാകുന്ന അവസ്ഥ നഷ്ടമായതാണ് ഇവർക്കേറ്റ കനത്ത പരാജയം. ഈ പെൺകുട്ടിയുടെ അച്ഛനും അമ്മയും വേർപിരിഞ്ഞു ജീവിക്കുന്നതിന്റെ കാര്യകാരണങ്ങളോ അതിലാർക്കാണ് മുഖ്യപങ്കെന്നോ അന്വേഷിക്കേണ്ട കാര്യമില്ല. എന്നാൽ മാതാപിതാക്കളുടെ വേർപിരിയൽ മക്കളിൽ കടുത്ത മാനസിക പിരിമുറുക്കവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുമെന്നറിയാൻ മനഃശാസ്ത്രം പഠിക്കേണ്ട കാര്യമില്ല. ഏതു നിമിഷവും തന്റെ നേരെ അക്രമണം ഉണ്ടാകുമെന്നുള്ള ഭയത്തിലാണ് ഈ കുട്ടി ജീവിച്ചിരുന്നതെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഉറങ്ങാൻ കിടക്കുമ്പോൾ വെട്ടുകത്തി സമീപത്ത് കരുതിവയ്ക്കുന്നത് ഭയം കൊണ്ട് മാത്രമല്ല, അരക്ഷിതാവസ്ഥ കൂടിയുള്ളതുകൊണ്ടാണ്. കുടുംബത്തകർച്ചയിൽ മക്കൾക്ക് പ്രത്യേകിച്ച് പെൺമക്കൾക്ക് ഇത്തരം അരക്ഷിതത്വബോധം ഉണ്ടാവുക സ്വാഭാവികമാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തകത്തിൽ നിന്നും**

ഇങ്ങനെയൊരു ദുരന്തം നമ്മുടെയിടയിൽ ഉണ്ടാകാതിരിക്കുവാൻ ചെയ്യേണ്ട രണ്ടു കാര്യങ്ങൾ പാവപ്പെട്ടവരോടുള്ള നമ്മുടെ നിസ്സംഗത അവസാനിപ്പിക്കുകയും കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുകയുമാണ്. സമൂഹത്തിന്റെ കാവൽക്കാരെന്ന് സ്വയം പ്രഖ്യാപിക്കുകയും ഞങ്ങളുടെയിടയിൽ കുടുംബത്തകർച്ച വളരെ കുറവാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന വിശ്വാസി കുടുംബങ്ങളുടെ അറിവിലേക്ക് ചില കാര്യങ്ങൾ കുറിക്കട്ടെ. മറ്റുള്ളവരെ ഉപദേശിക്കുവാനും നേർവ്വഴി കാട്ടുവാനും നമുക്ക് കഴിയണമെങ്കിൽ ആദ്യം സ്വന്തകണ്ണിലെ കോലെടുത്ത് കളയണമല്ലോ.

കുറച്ച് വർഷം മുമ്പ് നടന്ന ഒരു സംഭവം കൂടി പറയാം. മധ്യതിരുവിതാംകൂറിലെ ഒരു ഇടത്തരം വിശ്വാസി കുടുംബം: ഭാര്യാഭർത്താക്കന്മാർക്ക് നല്ല വിദ്യാഭ്യാസവും സ്വകാര്യ സ്ഥാപനങ്ങളിൽ നല്ല ജോലിയുമുണ്ട്. മക്കൾ ഒരാണും ഒരു പെൺകുട്ടിയും, എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഈ മോൾക്കു വേണ്ടി പ്രാർത്ഥിക്കുവാനാണ് മാതാപിതാക്കൾ എന്നെ വിളിച്ചു വരുത്തിയത്. മകൾ പറഞ്ഞാൽ അനുസരിക്കുന്നില്ല. കോപം കൊണ്ട് പൊട്ടിത്തെറിക്കുന്നു. അമ്മയെ ഉപദ്രവിക്കുന്നു എന്നൊക്കെ പറഞ്ഞാണ് എന്നെ വിളിപ്പിച്ചത്. കൗമാര പ്രായത്തിൽ ചില കുട്ടികളിൽ കാണുന്ന ഒരു ചെറിയ പെരുമാറ്റ പ്രശ്നമാണിതെന്ന് തോന്നിയെങ്കിലും മാതാപിതാക്കളുടെ നിർബ്ബന്ധം മൂലം ഞാൻ ആ വീട്ടിലെത്തി.

പരസ്പരം ഉരിയാടാതെ കുത്തിയിരിക്കുന്ന അച്ഛനെയും അമ്മയെയുമാണ് ഞാനവിടെ കണ്ടത്. മകളുടെ വിഷമാവസ്ഥ ഓർത്ത് വിഷമിച്ചിരിക്കുകയായിരിക്കുമെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. പണി പൂർത്തിയാകാത്ത വൈദ്യുതി വെളിച്ചമില്ലാത്ത വീടിന്റെ മുകളിലത്തെ റൂമിൽ വാതിൽ അടച്ച് ഇരിക്കുകയാണ് ഈ പെൺകുട്ടി. അവളുടെ ദയനീയാവസ്ഥ വിവരിക്കുവാൻ ബുദ്ധിമുട്ടാണ്. കരഞ്ഞു വീർത്ത കണ്ണും മുഖവും. ദേഹം മുഴുവൻ ക്രൂരമായി തല്ലിച്ചതയ്ക്കപ്പെട്ടിരിക്കുന്നു. നേരം കുറേയെടുത്ത് പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തതിനു ശേഷമാണ് വിങ്ങിപ്പൊട്ടി അവൾ കാര്യങ്ങൾ വിശദീകരിച്ചത്. ദേഷ്യപ്പെട്ട് അമ്മയുടെ കൈപിടിച്ച് തിരിച്ചുവെന്ന് ആരോപിച്ചാണ് ഇവളെ തല്ലിച്ചതച്ചത്. അപ്പൻ കൈമുട്ട്കൊണ്ട് പുറത്തിടിച്ചു വീഴ്ത്തി അമ്മ പിടിച്ചു വെച്ചുകൊടുത്തു. മൂത്ത ആങ്ങള വിറകുകഷണം കൊണ്ട് തല്ലിച്ചതച്ചു. പുറത്തു കാണാവുന്ന ശരീരഭാഗങ്ങളിലൊക്കെ വിറകുകഷണം കൊണ്ടുള്ള അടിയേറ്റ് നീരു വന്ന് വീർത്തിരുന്നു. കൈയ്യും കാലും പുറവുമൊക്കെ അടികൊണ്ട്

പൊട്ടിയിട്ടുണ്ട്. ഈ മുറിവുകൾ കണ്ട് ഞാൻ ഞെട്ടിപ്പോയി. അവളുടെ സങ്കടം കണ്ട് എന്റെ കണ്ണുകളും നിറഞ്ഞുപോയി. ഒരു കൗൺസലർ കക്ഷിയുടെ മുമ്പിൽ ഒരിക്കലും കരയുവാൻ പാടില്ലെന്നാണ് കൗൺസലിങ്ങ് തത്ത്വം എന്നാൽ മാർത്തയുടെയും മറിയയുടെയും കൂടെ കരഞ്ഞ കർത്താവിൽ നിന്നാണ് ഞാൻ കൗൺസലിംഗ് പഠിച്ചത്. മാത്രമല്ല. രണ്ടു പെൺകുട്ടികളുടെ അപ്പനുമാണ് ഞാൻ. ഈ കുട്ടിയെ ഇതിന് മുമ്പും പല പ്രാവശ്യം മാതാപിതാക്കൾ ക്രൂരമായി മർദ്ദിച്ചി ട്ടുണ്ടെന്ന് മനസ്സിലായി. വർഷങ്ങൾ ഇരുമ്പഴി എണ്ണേണ്ട ഗുരുതരമായ ക്രിമിനൽ കുറ്റമാണ് ഇവർ ചെയ്തുകൊണ്ടിരുന്നത്. ചൈൽഡ് ലൈൻ പ്രവർത്തകരെയോ പോലീസിനെയോ വിവരം അറിയിച്ചാലോയെന്ന് ഞാൻ പലവട്ടം ചിന്തിച്ചു പോയി. അത്രയും ക്രൂരതയാണ് നിഷ്ക്കള ങ്കയായ ഈ കുട്ടിയോട് അവർ ചെയ്തത്. ഇത്രയുമൊക്കെ പീഡനം സഹിച്ചിട്ടും പോലീസിൽ അറിയിക്കേണ്ടെന്നാണ് കുട്ടി എന്നോടാ വശ്യപ്പെട്ടത്.

വളരെ ചെറിയൊരു കൂട്ടായ്മയിലാണ് അവർ ആരാധനയ്ക്ക് പോകുന്നത്. വളരെയേറെ സമയം അവൾക്കുവേണ്ടി ചെലവഴിച്ച ശേഷമാണ് ഞാൻ മടങ്ങിയത്. ഞാൻ ഇറങ്ങാൻ നേരത്ത് എന്നെ 'പപ്പാ എന്നു വിളിച്ചോട്ടെ' എന്നു ചോദിച്ചു. സാധാരണയായി മാതൃസ്നേഹം ലഭിക്കാതെ വളരുന്ന ചെറിയ കുട്ടികൾ ലേഡി ടീച്ചർമാരോട് ഇങ്ങനെ ചോദിക്കാറുണ്ട്. എന്നാൽ ഈ ചോദ്യം എനിക്ക് ആദ്യ അനുഭവ മായിരുന്നു. ആ കുട്ടിയുടെ മുഴുവൻ മാനസിക വ്യഥയും ഈ ചോദ്യത്തി ലുണ്ടായിരുന്നു.

ഇനിയുമെന്നെ ഇങ്ങനെ ഉപദ്രവിച്ചാൽ ഞാൻ അപ്പനെയൊരു പാഠം പഠിപ്പിക്കുമെന്ന് ഈ സുന്ദരിക്കുട്ടി അർത്ഥം വെച്ച് പറഞ്ഞത് എന്നെ ആശങ്കപ്പെടുത്തിയിരുന്നു. ഈ സംഭവത്തിന് ശേഷം തുടർച്ചയായി ഞാൻ അവൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആശ്വസി പ്പിക്കുകയും ഒക്കെ ചെയ്യുമായിരുന്നു. ഇപ്പോൾ അവൾ കൗമാരത്തിലെ വൈകാരിക പ്രശ്നങ്ങളിൽ നിന്നൊക്കെ രക്ഷപ്പെട്ട് മിടുക്കിയായി ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുന്നു. ഇവൾ നോർമലായി തീർന്നത് എന്റെ കൗൺസലിംഗ് കൊണ്ടൊന്നുമല്ല. എങ്കിലും എന്റെ പ്രാർത്ഥ നയ്ക്ക് അതിലൊരു പങ്കുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവളുടെ പ്രശ്നം പരിഹരിക്കപ്പെട്ടതുകൊണ്ടും ഈ കുടുംബത്തെ ഇപ്പോൾ വിശ്വാസികളാരും തിരിച്ചറിയുവാൻ സാധ്യതയില്ലാത്തതുകൊണ്ടുമാണ് ഇവിടെ ഇവരെക്കുറിച്ച് വെളിപ്പെടുത്തി എഴുതുന്നത്.

ഇത്രയും വായിക്കുമ്പോഴുണ്ടാകുന്ന ന്യായമായ ഒരു സംശയ മുണ്ട്. വിശ്വാസികളായ മാതാപിതാക്കൾ ക്രൂരമായി മക്കളോട് ഇങ്ങനെ പെരുമാറുമോ? അതിന്റെ കാരണമെന്താണ്? ചുരുക്കിപ്പറയട്ടെ, ഈ പാവം പെൺകുട്ടി ഇത്ര ക്രൂരമായി പീഡിപ്പിക്കപ്പെടാൻ കാരണം മാതാപിതാക്കളുടെ ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേടുകളാണ്. അത് മറച്ചുവയ്ക്കുവാൻ വേണ്ടിയാണ് മക്കളെ തല്ലിച്ചതയ്ക്കുന്നത്. കുട്ടികളുടെ അപ്പൻ തന്ന ചില സൂചനകൾ വെച്ച് വിശദമായി പരിശോ ധിച്ചപ്പോഴാണ് ഇവരുടെ കുടുംബജീവിതം തകർന്ന് കഴിഞ്ഞെന്ന് മനസ്സിലായത്. സുഹൃത്തുക്കൾ നല്കുന്ന കൗൺസലിംഗ് ഫലപ്രദ മല്ലാത്തതു കൊണ്ട് ഞാൻ നിർബ്ബന്ധിച്ച് ഇവരെ ഒരു പ്രൊഫഷണൽ കൗൺസലറുടെ അടുത്ത് വിട്ടു. എന്നാൽ പരസ്പരം കുറ്റാരോപണം തുടരുകയും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്തതും കാരണം ഇപ്പോഴും ഇവർ കീരിയും പാമ്പും പോലെ ഒരേ വീട്ടിലെ രണ്ടു മുറികളിൽ അന്തിയുറങ്ങുന്നു.

പ്രിയരേ, മക്കളുടെ ഭാവിയെക്കരുതിയെങ്കിലും സാക്ഷ്യമുള്ള കുടുംബജീവിതം നമ്മൾ നയിക്കേണ്ടതാണ്. നമ്മുടെ എല്ലാ സഭക ളിലും (എത്ര ചെറുതായാലും) വർഷത്തിലൊരു പ്രാവശ്യമെങ്കിലും കുടുംബ നവീകരണ മീറ്റിംഗുകൾ നിർബ്ബന്ധമാക്കണം. പ്രശ്നമുള്ള കുടുംബങ്ങൾക്കു വേണ്ടിയല്ല, പ്രത്യുത പ്രശ്നമുണ്ടാകാതിരിക്കാനാണ് ഇത്തരം മീറ്റിംഗുകൾ നടത്തുന്നത്. എല്ലാ കുടുംബങ്ങളെയും നിർബ്ബന്ധമായും ഇതിൽ പങ്കെടുപ്പിക്കണം. പ്രായവും, പക്വതയും വചന നിശ്ചയവുമുള്ള ദൈവദാസന്മാരായിരിക്കണം ക്ലാസ്സുകൾ എടുക്കേണ്ടത്. ക്ലാസ്സുകൾ നയിക്കുവാൻ കൗൺസലിംഗ് അറിയാവുന്ന വരെ ലഭിച്ചാൽ ഏറെ നല്ലതാണ്. കാരണം ദമ്പതിമാരുടെ കുഴപ്പം കൊണ്ടല്ലാതെ തന്നെ അവർക്കുണ്ടാകുന്ന ചില ലഘുമാനസിക തക രാറുകൾ കൊണ്ടും കുടുംബത്തകർച്ച ഉണ്ടാകുന്നതാണ്. ഉദാഹരണ ത്തിന്, സംശയരോഗം, ചില പ്രത്യേക ചിന്തകൾക്ക് അടിമപ്പെടുക (ഒ.സി.ഡി) വിഷാദരോഗം മുതലായവ. ഈ കാരണങ്ങൾ കണ്ടു പിടിക്കുവാൻ പരിശീലനം ലഭിച്ച കൗൺസലർമാർക്ക് കഴിയുമല്ലൊ.

മേൽപ്പറഞ്ഞ കുട്ടിയെപ്പോലെ കുടുംബത്തകർച്ചയുടെ ഇരകൾ വർദ്ധിക്കാതിരിക്കണമെങ്കിൽ നമ്മുടെ സഭകളിൽ അടിയന്തിര ശസ്ത്രക്രിയയും ശുദ്ധീകരണവും അത്യാവശ്യമാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

## യേശുവിന്റെ അമ്മ മറിയ - പ്രസക്തമായ പ്രായോഗിക സന്ദേശങ്ങൾ

(ദൈവിക നിയോഗത്തോടുള്ള യേശുവിന്റെ അമ്മ മറിയയുടെ പ്രാഥമിക പ്രതികരണങ്ങൾ 2025 ഒന്നാം ലക്കത്തിൽ വായിച്ചുവല്ലോ)

ദൈവിക വെളിപ്പെടുത്തലുകൾ യാഥാർത്ഥ്യബോധത്തോടും സമർപ്പണത്തോടും സ്വീകരിച്ച ബഹുമാനപ്പെട്ട മറിയ സഞ്ചരിച്ച വഴികൾ ലളിതമായി വിശകലനം ചെയ്യുമ്പോൾ മറിയയുടെ സവിശേഷതകളും, മറിയ ആരാണെന്നും, ചിലർ മറിയയ്ക്കു നല്കിയിരിക്കുന്ന പരിവേഷങ്ങൾ വചനാനുസൃതം അല്ല എന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാം. (മത്തായി 1:24 വേദഭാഗങ്ങൾ ലേഖനത്തിനൊപ്പം ദയവായി വായിക്കണം)

മകനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന് അവൻ യേശു എന്നു പേർ വിളിച്ചു. (മത്തായി 2:24) ആത്മീയ മൂല്യങ്ങൾ ശരവേഗം മാറുന്ന ഈ കാലത്തു ദൈവികനിയോഗം തിരിച്ചറിഞ്ഞ യേശുവിന്റെ അമ്മ മറിയയുടെയും യോസേഫിന്റേയും ഉറച്ച നിലപാടുകളുടെ പ്രായോഗികതകൾ പ്രസക്തമാണ്

**1. വചനാടിസ്ഥാനത്തിൽ മറിയ മദ്ധ്യസ്ഥയോ?**

മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല. യേശു ജനിച്ച ശേഷം ഇരുവരും ദമ്പതികളായി എല്ലാ അർത്ഥത്തിലും ജീവിച്ചു. തുടർന്ന് അവർക്കു മക്കൾ ജനിച്ചു എന്ന് മറ്റു വേദഭാഗങ്ങളുടെ അടിസ്ഥാനത്തിൽ സുവ്യക്തം. അങ്ങനെയെങ്കിൽ മറിയയെ ഇന്നു "കന്യകമറിയം" എന്ന് വിശേഷിപ്പിക്കുന്നത് തികച്ചും വചന വിരുദ്ധമല്ലേ?. ചില സന്ദർഭങ്ങളിൽ യേശുവിനുമീതെ മറിയയ്ക്കു ദൈവിക പരിവേഷവും മദ്ധ്യസ്ഥ പദവിയും നല്കുന്നതു രക്ഷകനും, ദൈവവും ഏക മദ്ധ്യസ്ഥനുമായ യേശുക്രിസ്തുവിൽ നിന്നും വികേന്ദ്രീകരിക്കുന്നതിനുള്ള സാത്താന്റെ ഗൂഢതന്ത്രമാണ് (1 തിമൊ 2:5).

**2. മറിയ- യോസെഫ് യുവദമ്പതികൾ ജഡത്തിന്റെ ഇച്ഛകളെ കീഴടക്കിയവരോ?**

യേശു ജനിക്കുന്നതുവരെ ഈ യുവദമ്പതികൾ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതെ ദൈവനിയോഗം ഇരുവരും പരിശുദ്ധമായി കാത്തുസൂക്ഷിച്ചു. ഇരുവരും എല്ലാ അർത്ഥത്തിലും, തലത്തിലും കൗമാരം കഴിഞ്ഞു യൗവ്വനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ, എല്ലാ വികാര

വിചാരങ്ങളും ആസ്വദിക്കാൻ ആഗ്രഹവും നിയമപരവും -സാമൂഹികവും -മതപരവുമായ അനുവാദവും അവകാശവും ഉള്ളവരായിരുന്നു. എന്നാൽ അവരുടെ ആത്മീയ മൂല്യം പ്രായോഗിക ധാർമ്മികതയിൽ തെളിയിക്കുകയായിരുന്നു. ജഡത്തിന്റെ ഇച്ഛകളും വികാരങ്ങളും നിയന്ത്രിക്കാൻ പരിശുദ്ധത്മാവ് ഏതൊരു വ്യക്തിയേയും സഹായിക്കും എന്നതിന് തെളിവാണിത്. ലിവിങ് ടുഗെതർ, വിവാഹപൂർവ്വബന്ധങ്ങൾ, ക്രമം തെറ്റിയ ലൈംഗികത, ജീവിതരീതികൾ എത്രത്തോളം ഇന്നത്തെ തലമുറകളിൽ (എല്ലാവരിലുമല്ല) കടന്നുകൂടിയിരിക്കുന്നു. അവ എത്ര ലാഘവത്തോടെ കൈകാര്യം ചെയ്യുന്നു. ജഡത്തിന്റെ ഇച്ഛകളെ നിയന്ത്രിക്കാൻ സാധിക്കും. യുവതീയുവാക്കൾ ഈ ആത്മീയ മൂല്യം ഉൾക്കൊണ്ട് ലൈംഗിക പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ദൃഢനിശ്ചയമുള്ളവരായിരിക്കുക. അതിന്റെ ഫലം പിന്നത്തേതിൽ അനുഗ്രഹമായി അനുഭവിക്കാൻ സാധിക്കും. ക്രിസ്തുവിലുള്ള സ്വയ അച്ചടക്കവും ബഹുമാനവും ആസ്വദിക്കുക, ആ ആസ്വാദനം പാപത്തിന്റെ ആസ്വാദനത്തിലും പതിന്മടങ്ങു ശ്രേഷ്ഠമാണ്. എന്നെ ശക്തനാക്കുന്നവൻ (യേശുക്രിസ്തു) മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി 4:13).

### 3. മറിയയുടെ സഞ്ചാരങ്ങൾ ഇന്നത്തെ തലമുറയ്ക്ക് സന്ദേശം നല്കുന്നുണ്ടോ?

പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ (ദൈവശക്തി സർവ്വശക്തിയാണ്, യുക്തിക്കതീതം) മറിയ യെഹൂദ നാട്ടിലൂടെ നടത്തിയ സാഹസിക സഞ്ചാരങ്ങൾ പ്രശംസനീയം, വിചിന്തന വിധേയം. 2000 വർഷങ്ങൾക്ക് മുൻപ് ആധുനിക യാത്രാസംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലഘട്ടം ഒന്ന് വിലയിരുത്തുക. ഗർഭസ്താവസ്ഥയിലും തുടർന്ന് ശിശുവായ യേശുവുമൊപ്പം മൈലുകൾ നടന്നോ അല്ലെങ്കിൽ ഒരു മൃഗത്തിന്റെ പുറത്തോ എല്ലാ വേദനയും, ദാഹവും, മാനസിക സമ്മർദ്ദവും പരിമിതികളും വെല്ലുവിളികളും ഒക്കെ സഹിച്ച് ദൈവ നിയോഗം സ്വമനസ്സാ നിറവേറ്റുവാനുള്ള മറിയയുടെ തീരുമാനം പ്രശംസനീയം. മറിയയുടെ യാത്രയിൽ കൊടും ശൈത്യം അനുഭവിച്ചിട്ടുണ്ട്, പ്രസവം നടന്നത് എവിടെയെന്ന് വ്യക്തമല്ല, വഴിയോരത്ത് ഏതെങ്കിലും ഒരു ചെറിയ പരിമിതമായ സൗകര്യത്തിലോ ആയിരിക്കാം. തുടർന്ന് ശിശുവുമായി പുൽത്തൊട്ടിയിൽ, അതിന് ശേഷം ധാരാളം യാത്രകൾ... ഈ സഞ്ചാരങ്ങളിലെല്ലാം എല്ലാ വെല്ലുവിളികളെയും സധൈര്യം നേരിട്ട്, എല്ലാം സഹിച്ച മറിയയെയാണ് നാം കാണുന്നത്.

യഹൂദ്യയിലെ നസറേത്ത്, ബേത്‌ലഹേം, എലിസബത്തിനെ സന്ദർശിക്കുവാൻ യഹൂദ്യയിലെ മലനാട്, പിന്നീട് ഇസ്രായേലിൽ

നിന്നും മിസ്രയീമിലേക്കും, മിസ്രയീമിൽ നിന്നും തുടർന്ന് ശിശുവുമായി ഇസ്രായേലിലേക്കും... അങ്ങനെ എത്രയെത്ര യാത്രകൾ. അക്കാലത്തെ പരിമിതമായ വളരെ പരിമിതമായ യാത്രാസംവിധാനങ്ങളിൽ ഗർഭിണി യായ മറിയ, എത്ര കഷ്ടപ്പാടുകൾ സഹിച്ചിരിക്കുന്നു... **പ്രശംസ നീയം.... അതിശ്രേഷ്ഠം.**

പരാതികളും ഒഴികഴിവുകളും നിരാശയും ഇല്ലാതെ ആകുലതയും മാനസിക സമ്മർദ്ദങ്ങളും ഒന്നും വെളിപ്പെടുത്താതെ പക്വതയോടും സന്തോഷത്തോടും ദൈവിക നിയോഗം നിറവേറ്റേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ടുള്ള സഞ്ചാരങ്ങൾ!!

യാതൊരു ആധുനിക സംവിധാനവും ഇല്ലാത്ത കാലഘട്ടത്തിൽ ഈ യാത്രകളെല്ലാം ചെയ്യുവാനുള്ള നിശ്ചയദാർഢ്യവും ആത്മീയ മൂല്യബോധവും അതിശ്രേഷ്ഠവും പ്രശംസനീയവുമാണ്. ഇന്ന് യാത്രകൾക്കുള്ള എല്ലാ ആധുനിക സംവിധാനങ്ങളും സാഹചര്യവും സാമ്പത്തികവും ഉണ്ടായിരിക്കുമ്പോൾ, ദൈവം നല്കിയ എല്ലാ നന്മകളും അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ കുറഞ്ഞ പക്ഷം ഞായറാഴ്ച ആരാധനയ്ക്കു പോലും സംബന്ധിക്കാൻ യുവത ലമുറ അലസത കാണിക്കുന്നില്ലേ!! ദൈവത്തെ ആരാധിക്കുന്നതിന് നിസ്സാരവും, യുക്തിക്കും ബുദ്ധിക്കും നിരക്കാത്തതുമായ ഒഴിവുകഴി വുകൾ പറയുന്നവർ ഒരു പുനർവിചിന്തനം നടത്തേണ്ടത് അത്യന്താ പേക്ഷിതമാണ്.

നമ്മുടെ ഇന്നത്തെ കൗമാരക്കാരും യുവതിയുവാക്കന്മാരും ജോസഫ് - മറിയ യുവദമ്പതികളെ മാതൃകയാക്കേണ്ടതാണ്. ആത്മി കത അടിച്ചേൽപ്പിക്കുന്നതായ ഒന്നല്ല, അത് ക്രിസ്തുവുമായിട്ടുള്ളതും സ്വമേധയാ നിർവ്വഹിക്കേണ്ടതുമായ ബന്ധമാണ്. മനപ്പൂർവ്വമായും ബോധപൂർവ്വമായും നിർവ്വഹിക്കേണ്ട ആത്മീയ വീക്ഷണം രൂപപ്പെടു ത്തുവാൻ കൗമാരക്കാരെയും യുവതിയുവാക്കളെയും വചനാടിസ്ഥാ നത്തിൽ സ്നേഹത്തോടെ പ്രോത്സാഹിപ്പിക്കുന്നു.

**പാസ്റ്റർ. സിബി തോമസ്, തിരുവനന്തപുരം**

## പ്രാർത്ഥനയ്ക്ക് വേണ്ടി

ഗുഡ് ന്യൂസ് മിനിസ്ട്രി ഡയറക്ടർ ഡോക്ടർ ചാൾസ് ജോൺ ഹൃദയസംബന്ധമായ ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയയ്ക്കുശേഷം വൃക്കരോഗത്തിനുള്ള ഡയാലിസിസ് ആഴ്ചതോറും രണ്ടു സെഷൻ വീതം ചെയ്തുകൊണ്ടിരിക്കയാണ്. പ്രിയ ദൈവദാസന്റെ പരിപൂർണ്ണ സൗഖ്യത്തിനുവേണ്ടി എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നു.

*ഗുഡ്ന്യൂസ് സ്റ്റാഫ്.*

## Annamma Charles John
## Memorial Educational Scholarships



Mrs. Annamma C. John Memorial Personal Evangelism Award for 2025 was presented to Jeslia K. Jaison by Rev. Abraham Thomas, President, Logos College of Advanced Studies. The award carries a certificate and a cash award of Rs.10,000/-. She completed Master of Divinity (M.Div.). She is coming back to Logos in June 2025 to join M.Th Programme.



Mrs. Annamma C. John Memorial Personal Evangelism Award for 2025 was presented to Pausungthiubo Chawang, Nagaland by Rev. Abraham Thomas, President, Logos College of Advanced Studies. The award carries a certificate and a cash award of Rs.10,000/-. He completed Master of Divinity (M.Div.).

## Bible Quiz

## ഈ ലക്കം **Quest** 1-ലെ ചോദ്യങ്ങൾ 2 ദിനവൃത്താന്ത പുസ്തകത്തിൽ നിന്നുമാണ്.

1. "യഹോവേ, നീ ഞങ്ങളുടെ ദൈവം; മർത്യൻ നിന്റെ നേരെ പ്രബലനാകരുതേ" എന്ന് പറഞ്ഞത് ആര്?
2. ശലോമോൻ രാജാവിന്റെ സന്നിധിയിൽ നിന്നു ഓടിപ്പോയി മിസ്രയീമിൽ പാർത്തിരുന്ന നെബാത്തിന്റെ മകൻ ആര്?
3. ദാവീദിന് യഹോവ പ്രത്യക്ഷനായ പർവ്വതം ഏത്?
4. അമസ്യാവ് കൊല്ലപ്പെട്ടത് എവിടെ വച്ച്?
5. എല്യാക്കീമിന്റെ പേർ യെഹോയാക്കീം എന്ന് മാറ്റിയത് ആര്?
6. ശാഫാന്റെ മകൻ ആര്?
7. യെഹിസ്കീയ രാജാവിന്റെ കാലത്തെ ദൈവാലയപ്രമാണി ആരായിരുന്നു?
8. "നീ എന്നോടുകൂടെ ഗിലെയാദിലെ രാമോത്തിലേക്ക് പോരുമോ" ആര് ആരോട് പറഞ്ഞു?
9. യെഹിസ്കീയാവിന്റെ അമ്മ ആര്?
10. എന്തുകൊണ്ടാണ് പുരോഹിതന്മാർക്ക് യഹോവയുടെ ആലയത്തിൽ കടപ്പാൻ കഴിയാഞ്ഞത്?
11. ശലോമോൻ യഹോവയുടെ ആലയവും തന്റെ അരമനയും എത്ര സംവത്സരം കൊണ്ടാണ് പണിതത്?
12. "ഞാൻ നിനക്കു എന്തു തരേണം; ചോദിച്ചുകൊൾക" എന്ന് ദൈവം അരുളിചെയ്തത് ആരോട്?
13. ലേവ്യരെ യഹോവയുടെ പൗരോഹിത്യത്തിൽ നിന്നു നീക്കിക്കളഞ്ഞത് ആര്?
14. രെഹബെയാമിന്റെ അമ്മ ആര്?
15. ഭൂമിയിലെ സകല രാജാക്കന്മാരിലുംവെച്ചു ധനം കൊണ്ടും ജ്ഞാനംകൊണ്ടും മികച്ചവനായിരുന്ന രാജാവ് ആര്?
16. ദൈവത്തിന്റെ ആത്മാവ് വന്ന ഓദേദിന്റെ മകൻ ആര്?
17. മനശ്ശെക്കു പകരം രാജാവായ അവന്റെ മകൻ ആര്?
18. യെഹോരാം രാജാവിന് ഏത് പ്രവാചകന്റെ പക്കൽനിന്നാണ് ഒരു എഴുത്ത് വന്നത്?
19. പുരോഹിതന്മാരോട് കോപിച്ചുകൊണ്ടിരിക്കെ കുഷ്ഠം പൊങ്ങിയത് ആർക്ക്?
20. "യഹോവയാണ എന്റെ ദൈവം അരുളിചെയ്യുന്നതുതന്നേ ഞാൻ പ്രസ്താവിക്കും" എന്ന് പറഞ്ഞത് ആര്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 1-ന്റെ ഉത്തരങ്ങൾ 2025 ജൂൺ 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**